പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 91 | 26.6.08- ൽ മറുപടിയ്ക്ക്

ലക്ഷംവീട് നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഇ.എസ്.ബിജി മോൾ :<br>ശ്രീ.കെ.രാജു :<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ.പി.തിലോത്തമൻ :<br>ശ്രീ.എ.കെ.ചന്ദ്രൻ : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എം.എൻ ലക്ഷംവീട് നവീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; | എ) 27.3.08 ലെ (എം.എസ്) 3/08/ഭവനം നമ്പർ ഉത്തരവ് പ്രകാരം എം.എൻ ലക്ഷംവീട് നവീകരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 17.6.2008 ന് കൊല്ലം ജില്ലയിലെ ചിതറയിൽവച്ച് ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. |
| ബി) ഈ പദ്ധതിക്ക് മൊത്തം ആവശ്യമായി വരുന്ന ചെലവ് എത്രയാണ് ; | ബി) നവീകരണം ആവശ്യമുള്ള ഏകദേശം 60,000 വീടുകൾ പുനർനിർമ്മിക്കുന്നതിന് വേണ്ടി സർക്കാർ കണ്ടെത്തേണ്ടി വരുന്ന ചെലവ് 178 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. |
| സി) ഈ പദ്ധതിക്കുവേണ്ടി ആവിഷ്കരിച്ച ഭാഗ്യക്കുറിയിൽ നിന്നും എത്ര തുക ലഭിച്ചു. ബാക്കി തുക എങ്ങനെ സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | സി) ഈ പദ്ധതിക്കായി ആവിഷ്കരിച്ച ലോട്ടറിയിൽ നിന്നും 14,89,31,850/- രൂപ വിറ്റുവരവ് ലഭിച്ചു. ഇതിൽ നിന്ന് 6.16 കോടി രൂപ അറ്റാദായം ലഭിക്കുമെന്ന് പ്രതീ |

| | |
| --- | --- |
| | ക്ഷിക്കുന്നു. ഈ പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം 17 കോടി രൂപ റീ അപ്രോപ്രിയേഷൻ വഴി വകയിരുത്തിയിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ബാക്കി വേണ്ടിവരുന്ന തുക സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു വരികയാണ്. |
| ഡി) ഒരു യൂണിറ്റിന്റെ നവീകരണച്ചെലവ് എത്ര രൂപയാണ്; ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ; | ഡി) ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റിന്റെ നവീകരണ ചെലവ് 50,000/- രൂപയാണ്. ഇതിൽ സർക്കാർ സബ്സിഡി ജനറൽ വിഭാഗത്തിന് 25,000/- രൂപയും (50%), പട്ടികജാതി വിഭാഗത്തിന് 37,500 രൂപയും (75%), പട്ടികവർഗ്ഗ വിഭാഗത്തിന് 50,000/- രൂപയും (100%) ആണ്. ബാക്കിതുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/എം.എൽ.എ ഫണ്ട്/സന്നദ്ധ സംഘടനകൾ/സർക്കാരിതര സംഘടനകൾ/ കാരുണ്യവാൻമാരും ദാനശീലരുമായ വ്യക്തികൾ/കുടുംബശ്രീ/ **Co-Operative Bank** തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതവുമാണ് |
| ഇ) ഈ പദ്ധതി എത്ര കാലംകൊണ്ട് പൂർത്തിയാക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ഇ) ഈ പദ്ധതി, ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, 5 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 92** **26-06-2008 ൽ മറുപടിയ്ക്ക്.**

### പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം

**ചോദ്യം**

**ശ്രീ. കെ.ടി.ജലീൽ:**
**ശ്രീ. കെ.കെ. ജയചന്ദ്രൻ:**
**ശ്രീ. ജോർജ് എം.തോമസ്:**
**ശ്രീ. മുരളി പെരുനെല്ലി :**
**ശ്രീ. വി.ജെ. തങ്കപ്പൻ :**

(എ) ഈ വർഷം പ്ലസ് വൺ പ്രവേശനത്തിന് സംസ്ഥാനത്തൊട്ടാകെ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഈ സംവിധാനത്തിന്റെ പ്രത്യേകതകൾ വ്യക്തമാക്കുമോ ;

**ഉത്തരം**

**ശ്രീ. എം.എ. ബേബി, (പൊതു വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എല്ലാ സീറ്റുകളിലേക്കും എയിഡഡ് സ്കൂളുകളിലെ മെറിറ്റ് സീറ്റുകളിലേക്കും ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ പ്രവേശനം ഏകജാലക സംവിധാനം വഴിയാണ് നടപ്പിലാക്കുന്നത്. ഏകജാലക സംവിധാനത്തിന്റെ പ്രത്യേകതകൾ താഴെ കൊടുക്കുന്നു

(i) ഒരു ജില്ലയിലെ വിവിധ സ്കൂളുകളിലെ മെറിറ്റ് സീറ്റിലേക്കുള്ള പ്രവേശനത്തിന് ഒരു വിദ്യാർത്ഥി ഒരു അപേക്ഷ മാത്രം നൽകിയാൽ മതിയാകും. മുൻ വർഷങ്ങളിലെപ്പോലെ വ്യത്യസ്ത സ്കൂളുകളിൽ പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല.

(ii) വിദ്യാർത്ഥികൾക്ക് ജില്ലയിലെ ഏത് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് വേണമെങ്കിലും അപേക്ഷാ ഫോറം വാങ്ങാനും ജില്ലയിലെ

തന്നെ സൗകര്യപ്രദമായ ഏതു ഹയർ സെക്കണ്ടറി സ്കൂളിലും പൂരിപ്പിച്ച അപേക്ഷ സമർപ്പിക്കുവാനും സാധിക്കും.

(iii) ഒരു അപേക്ഷാഫോറം ഉപയോഗിച്ചു തന്നെ 60 സ്കൂളുകളിലേക്കോ 60 സബ്ജക്ട് കോമ്പിനേഷനിലേക്കോ അപേക്ഷിക്കുവാൻ കഴിയും.

(iv) അപേക്ഷാഫോറത്തിന്റെയും പ്രോസ്പെക്ടസിന്റെയും വില പത്ത് രൂപാ മാത്രമാണ്.

(v) ഒരു ദിവസം തന്നെ അനേകം സ്കൂളുകളിൽ നിന്ന് ഇന്റർവ്യൂ കാർഡു വരികയും എവിടെയാണ് ഇന്റർവ്യൂവിനു പോകേണ്ടതെന്ന ആശയക്കുഴപ്പം വരികയും ചെയ്യാറുണ്ടായിരുന്ന അവസ്ഥ ഒഴിവാക്കാം.

(vi) എല്ലാവരും അനേകം സ്കൂളുകളിൽ അപേക്ഷിക്കുന്നതിനാൽ എല്ലാ സ്കൂളിലും ഉണ്ടാവുന്ന കൃത്രിമ തിരക്ക് ഇല്ലാതായി.

(vii) ആദ്യമേതന്നെ ഓരോ വിദ്യാർത്ഥിക്കും ലഭിക്കാവുന്ന അഡ്മിഷന്റെ വിവരം തിട്ടപ്പെടുത്തുവാൻ കഴിയുമെന്നതിനാൽ കുട്ടികളുടെ അനാവശ്യമായ ആകാംക്ഷ ഒഴിവാക്കാൻ കഴിയുന്നു.

(viii) ഒരു സ്കൂളിൽ അഡ്മിഷൻ എടുത്ത കുട്ടിക്ക് അതേ സ്കൂളിലോ മറ്റു

സ്കൂളുകളിലോ വരുന്ന ഒഴിവുകളിലേക്ക് ഉയർന്ന ഓപ്ഷൻ അനുസരിച്ച് മാറുവാനും അവരവർക്ക് ഇഷ്ടമുള്ള സ്കൂളും കോഴ്സും തിരഞ്ഞെടുക്കാനും കഴിയുന്നു.

(ix) യോഗ്യതയും സംവരണ തത്വങ്ങളും കൃത്യമായി പാലിച്ചു കൊണ്ടായിരിക്കും പ്രവേശനം നടത്തുകയെന്നുറപ്പാക്കും.

(x) നേരത്തെ ചില സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും അനേകം കുട്ടികൾ അഡ്മിഷൻ കിട്ടാതെ വലയുകയും ചെയ്യുന്ന പ്രശ്നമുണ്ടായിരുന്നു. ഏകജാലകത്തിലൂടെ ഈ പ്രശ്നവും പരിഹരിക്കാൻ കഴിയും.

(ബി) ഏകജാലക സംവിധാനത്തിനെതിരെ സ്വകാര്യ മാനേജ്മെന്റുകൾ ഉന്നയിച്ച വാദമുഖങ്ങൾ എന്തായിരുന്നു;

(ബി) ഏകജാലക സമ്പ്രദായത്തിൽ ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നില്ല; വിദൂര സ്കൂളുകളിലേക്കും ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്കൂളുകളിലേക്കും പ്രവേശനം നേടാൻ നിർബന്ധിതരാകുന്നു; പഠിച്ച സ്കൂൾ/പഞ്ചായത്ത് എന്നിവ പരിഗണിക്കുന്നില്ല ; ഇഷ്ടമില്ലാത്ത സ്കൂളുകളിൽ പ്രവേശനം നൽകുന്നു എന്നിവ ആയിരുന്നു പ്രധാനമായും ഉന്നയിച്ച വാദമുഖങ്ങൾ. എന്നാൽ ഈ വാദങ്ങൾ എല്ലാം തന്നെ അടിസ്ഥാനരഹിതമാണ്.

(സി) പ്ലസ് വൺ കോഴ്സ് പ്രവേശനത്തിന് ഈ വർഷം എത്ര പേരാണ് അർഹത നേടിയത് ; ആ കോഴ്സിന് ലഭ്യമായ സീറ്റുകൾ എത്രയാണ് ; ഈ വർഷം എത്ര സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് ;

(സി) 2008 മാർച്ചിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ സേ പരീക്ഷയിൽ പാസ്സായതുൾപ്പെടെ 431773 പേർ ഉന്നത പഠനത്തിന് അർഹത നേടിയിട്ടുണ്ട്. പ്ലസ് വൺ പ്രവേശനത്തിന് ഈ വർഷവും എല്ലാ സർക്കാർ സ്കൂളുകളിലും 20% അധിക സീറ്റ് വർദ്ധനവും, ആവശ്യപ്പെടുന്ന എയിഡഡ് സ്കൂളുകൾക്ക് 20% സീറ്റ് വർദ്ധനവും നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർദ്ധിപ്പിച്ച സീറ്റുകൾ അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ബാധകമാക്കിയിട്ടുണ്ട്. ഇത് മൂലം സർക്കാർ സ്കൂളുകളിൽ 22560 സീറ്റുകളും അധിക സീറ്റ് വർദ്ധനവ് ആവശ്യപ്പെട്ട 262 എയിഡഡ് സ്കൂളുകളിലായി 10535 സീറ്റുകളും അൺ എയിഡഡ് സ്കൂളുകളിൽ 14060 സീറ്റുകളും ഉൾപ്പെടെ 47155 സീറ്റുകൾ അധികമായി ലഭ്യമാകും. ഇങ്ങനെ സംസ്ഥാനത്തെ പ്ലസ് ടു സീറ്റുകളുടെ എണ്ണം 342005 ആയി ഉയരും. കൂടാതെ ഐ.ടി.ഐ/ഐ.ടി.സി, പോളിടെക്നിക്, വി.എച്ച്.എസ്.ഇ. എന്നീ കോഴ്സുകളിലേയ്ക്കുള്ള സീറ്റുകളും ഉപരിപഠനത്തിന് ലഭ്യമാണ്.

(ഡി) സീറ്റുകൾ വർദ്ധിപ്പിച്ചതിനോടൊപ്പം സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

(ഡി) മുൻ വർഷങ്ങളിലും 20% അധിക സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നു. അടിസ്ഥാന സൗകര്യങ്ങളുള്ള എയിഡഡ് സ്കൂളുകളാണ് അധിക സീറ്റ് വർദ്ധനവ് ആവശ്യപ്പെട്ടിട്ടുള്ളത്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ ഭൗതിക

സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ചുമതല ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കുമാണ്. അവ ഭൂരിഭാഗം സ്കൂളുകളിലും വികസന പ്രവർത്തനങ്ങൾ വഴി സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

8-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 93

26.06.2008 - ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ :<br>ശ്രീ. വി. എൻ. വാസവൻ :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(എ) സംസ്ഥാനത്ത് പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്കുണ്ടായ രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ' സഹകരണ വിപണനം കേരളീയം' പദ്ധതി പ്രകാരം കൺസ്യൂമർ ഫെഡറേഷൻ മുഖേന 15.2.07 മുതൽ 15.4.07 വരെ 3415 വിപണന കേന്ദ്രങ്ങളിലൂടെ 21 ഇനം നിത്യോപയോഗ സാധനങ്ങൾ 15.79 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം നൽകി വിതരണം ചെയ്തു.

ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന 29.8.06 മുതൽ 4.9.06 വരെ 910 സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ (ഓണച്ചന്ത) 1.71 കോടി രൂപ സബ്സിഡി അനുവദിച്ചും, 25.7.07 മുതൽ 5.9.07 വരെ 1842 സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ 32 ഇനം നിത്യോപയോഗ സാധനങ്ങളും, റംസാനോടനുബന്ധിച്ച് 1.10.07 മുതൽ 13.10.07 വരെ 822 വിപണന കേന്ദ്രങ്ങളിലൂടെയും ഫെഡറേഷന്റെ 66 ത്രിവേണി സ്റ്റോറുകൾ വഴിയും 25 ഇനം നിത്യോപയോഗ സാധനങ്ങൾ 1.85 കോടി

രൂപ സബ്സിഡി അനുവദിച്ചും (റംസാൻ ചന്ത), ക്രിസ്തുമസ്/ബക്രീദിനോടനുബന്ധിച്ച് 15.12.2007 മുതൽ 31.12.2007 വരെ 916 വിതരണ കേന്ദ്രങ്ങളിലൂടെ 24 ഇനം നിത്യോപയോഗ സാധനങ്ങൾ 2.67 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം നൽകിയും (ക്രിസ്തുമസ്/ബക്രീദ് ചന്ത) വിപണനം നടത്തിയിരുന്നു.

കൂടാതെ അരിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ അരിവില നിയന്ത്രിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ വഴി 3689 "ന്യായവില അരിച്ചന്ത"കൾ 2007 ഡിസംബർ 12 മുതൽ 20.1.2008 വരെയുള്ള 38 ദിവസകാലയളവിൽ 5 ഇനത്തിൽപ്പെട്ട അരി 12.75 കോടി രൂപ സബ്സിഡി അനുവദിച്ച് വിതരണം നടത്തിയിരുന്നു. വിഷുവിനോടനുബന്ധിച്ച് 2008 ഏപ്രിൽ 7 മുതൽ 17 വരെ 1534 വിപണന കേന്ദ്രങ്ങളിലൂടെ (വിഷുചന്ത) 23 ഇനം നിത്യോപയോഗ സാധനങ്ങൾ 1.90 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം നൽകി വിതരണം നടത്തി പൊതു വിപണിയിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് , നടപടികൾ സ്വീകരിച്ചിരുന്നു.

അരിവില നിയന്ത്രിക്കുന്നതിനായി സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ തെരഞ്ഞെടുത്ത 1387 സഹകരണ സംഘങ്ങളിലൂടെ ഇപ്പോൾ ബംഗാളിൽ നിന്നുമുള്ള അരി ലഭ്യമാക്കി വിതരണം ചെയ്തു വരുന്നു. ഇതിനുപുറമെ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട്, ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴിയും അരി വിതരണം ചെയ്തു വരുന്നു.

(ബി) അരിവിലയുടെ വർദ്ധനവ് തടയുന്നതിനായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആരംഭിച്ച അരിച്ചന്തയിലൂടെ എത്ര ക്വിന്റൽ അരി വിതരണം ചെയ്തു;

(ബി) "ന്യായവില അരിച്ചന്ത"കളിലൂടെ 2,00,070 ക്വിന്റൽ (20,007 ടൺ) അരി വിതരണം ചെയ്യുകയുണ്ടായി.

(സി) ബംഗാളിൽ നിന്നും അരി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഈ പദ്ധതി മൂലം സംസ്ഥാനത്ത് അരി വില കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(സി) കേരളത്തിൽ അരി വില ഉയർന്ന സാഹചര്യത്തിലും അരിയുടെ ലഭ്യത കുറഞ്ഞു വന്ന സാഹചര്യത്തിലും കൺസ്യൂമർ ഫെഡറേഷൻ പ്രസിഡന്റും മാനേജിംഗ് ഡയറക്ടറും ബംഗാളിൽ പോയി അരി മില്ലുടമകളുടെ അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച നടത്തി കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ബംഗാൾ അരി കേരളത്തിൽ എത്തിക്കാൻ നടപടികൾ എടുത്തു. ബംഗാളിൽ നിന്നും 5.6.2008 ന് 42 വാഗണുകളിലായി 2476 ടൺ ഐ.ആർ 36 എന്ന ഇനം അരി ലഭ്യമാക്കി 14 ജില്ലകളിലായി വിതരണം നടന്നു വരികയാണ്. 6.6.08 മുതൽ 18.6.08 വരെ 1934 ടൺ അരി 3 കോടി 9 ലക്ഷം രൂപയ്ക്ക് വിൽപ്പന നടക്കുകയും ചെയ്തു. ഈ പദ്ധതി മൂലം ആന്ധ്രയിൽ നിന്നുള്ള അരിയുടെ വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. മറ്റ് അരികളുടെ വിലയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ബംഗാൾ അരി വിതരണം തുടങ്ങിയപ്പോൾ 21–24 രൂപാവരെയുണ്ടായിരുന്ന ജയ അരിയുടെ വില 17–18 രൂപയായി കുറയുകയുണ്ടായി. ചിലയിനം അരികളുടെ വില 16 രൂപയിൽ താഴെയാകുന്ന സ്ഥിതിയും ഉണ്ടായി. ഏതെങ്കിലും സാഹചര്യത്തിൽ അരി വില ഇനിയും ഉയരാനിടയായാൽ ബംഗാളിൽ നിന്ന് ഒരു റേക്ക് അരികൂടി കൊണ്ടു വരുന്ന കാര്യം സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 94

## 26.06.2008 - ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിന്റെ കീഴിൽ പ്രൊഫഷണൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ.എം. ചന്ദ്രൻ :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണവകുപ്പിന്റെ കീഴിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) വ്യക്തമാക്കാം.<br>സഹകാരികൾ മുൻകൈയെടുത്തുകൊണ്ട് പ്രൊഫഷണൽ കോളേജുകൾ വിവിധ വിഷയങ്ങളിൽ സഹകരണ മേഖലയിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിന്റെ ഭാഗമായി കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ മാനേജ്മെന്റ് സ്കൂൾ, ഫിനിഷിംഗ് സ്കൂൾ, എൻജിനിയറിംഗ് കോളേജ്, ആറന്മുളയിൽ ഒരു എൻജിനീയറിംഗ് കോളേജ്, വടക്കൻ പറവൂരിൽ മാനേജ്മെന്റ് സ്കൂൾ, എന്നിവ കൂടാതെ കൊച്ചി സഹകരണ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കളമശ്ശേരിയിൽ ഒരു നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, ഡെന്റൽ കോളേജ്, സ്കൂൾ ഓഫ് പാരാമെഡിക്കൽ സയൻസ് എന്നിവ കൂടി ആരംഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>കേരള സംസ്ഥാന സഹകരണ യൂണി |

യന്റെ നെയ്യാർ ഡാമിനടുത്തുള്ള കേരള ഇൻസ്റ്റിട്ട്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (കിക്മ) എന്ന സ്ഥാപനത്തിൽ എം.ബി.എ. കോഴ്സുകൾ ഈ വർഷവും, എം.സി.എ. കോഴ്സുകൾ, അടുത്ത വർഷവും ആരംഭിക്കുന്നതാണ്. മേൽ സ്ഥാപനങ്ങൾക്കു പുറമേ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സഹകരണ മേഖലയിലെ പല സംഘങ്ങളും/ബാങ്കുകളും മുന്നോട്ടു വന്നിട്ടുണ്ട്.

ഇതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് മൺവിളയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റ് ടെക്നോളജി (സിമാറ്റ്) എന്ന സ്ഥാപനം ആരംഭിക്കുകയും എം.ബി.എ. എം.സി.എ. കോഴ്സുകൾ പ്രാരംഭമായി തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു എം.ബി.എ. കോഴ്സുകൾ 2008-2009-ൽ ആരംഭിക്കുന്നതാണ്.

എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മറ്റ് 12 പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ Rural Accademy for Management Studies (RAMS) എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും, എം.ബി.എ. ഉൾപ്പെടെയുള്ള മാനേജ്മെന്റ് പഠന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ എം.ബി.എ. കോഴ്സ് നടത്തുന്നതിനായി ഒരു പ്രൊഫഷ

ണൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായുള്ള പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ (കൺസ്യൂമർ ഫെഡ്) ആഭിമുഖ്യത്തിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ മാത്തിൽ എന്ന സ്ഥലത്ത് എം.ബി.എ. (Retail Trading) കോഴ്സ് അടുത്ത വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട സർവ്വീസ് സഹകരണ ബാങ്ക് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കുന്നതിനും ബി.എസ്.സി. നഴ്സിംഗ് . ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുമായി ബാങ്കിന്റെ നേതൃത്വത്തിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും കെട്ടിടത്തിന് തറക്കല്ലിടുകയും ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ടല സർവ്വീസ് സഹകരണ ബാങ്ക് പ്രൊഫഷണൽ കോളേജ് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

കൊല്ലം ജില്ലയിൽ മയ്യനാട് റീജിനൽ സർവ്വീസ് സഹകരണ ബാങ്ക് സഹകരണ മേഖലയിൽ സയൻസ് ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിൽ ഒരു സ്ഥാപനം (സി.ഐ.എസ്.റ്റി) തുടങ്ങുന്നതിനും 1649-പരവൂർ അർബൻ ബാങ്ക് ബി.എഡ്. കോളേജ് തുടങ്ങുന്നതിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മയ്യനാട് റീജിനൽ സർവ്വീസ് സഹകരണ ബാങ്ക് ഇതു സംബന്ധിച്ച സബ് റൂൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ മങ്കട ആസ്ഥാ

നമായി ജെംസ് (Globel Education and Management Studies) എന്ന സംഘവും കോഴിക്കോട് ഉള്ളിയേരി ആസ്ഥാനമായി എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി എന്ന സംഘവും രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾ ആരംഭിച്ചിട്ടില്ല.

കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ കീഴിൽ തലക്കളത്തൂരിൽ ഒരു ഹോമിയോ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് കോഴിക്കോട് സർവ്വകലാശാലയുടെ അഫിലിയേഷനും സമ്മതിപത്രവും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ NOC യും ലഭ്യമായിട്ടുണ്ട്.

ഇതിനു പുറമേ സുൽത്താൻ ബത്തേരി താലൂക്ക് സഹകരണ ആർട്ട്സ് കോളേജിന് TTC, BEd, BCA,MBA,HDC എന്നീ കോഴ്സുകൾ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കണ്ണൂർ ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രി സംഘങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനു പുറമേ പുതുതായി

1. സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ, പാരാമെഡിക്കൽ ആന്റ് ടെക്നോളജി ലിമിറ്റഡ്, മടായി. നമ്പർ സി.1740.

2. മൊറാഴ എഡ്യൂക്കേഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. സി. 1742.

3. അക്കാദമി ഓഫ് മാനേജ്മെന്റ് ആന്റ്

സയൻസ് ആന്റ് ടെക്നോളജി കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ.സി. 1763, കല്ല്യാശ്ശേരി.
4. പടിയൂർ എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. സി. 1762. എന്നീ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പയ്യന്നൂർ സഹകരണ ആശുപത്രി സംഘം, തളിപ്പറമ്പ് സഹകരണ ആശുപത്രി സംഘം എന്നീ സൊസൈറ്റികൾ ജനറൽ നഴ്സിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ബി) ഇപ്പോൾ കേപ്പിനു കീഴിൽ കൊച്ചി, കളമശ്ശേരിയിൽ ഒരു മെഡിക്കൽ കോളേജും, പെരുമൺ(കൊല്ലം),കിടങ്ങൂർ(കോട്ടയം) വടകര(കോഴിക്കോട്), തലശ്ശേരി(കണ്ണൂർ) തൃക്കരിപ്പൂർ(കാസർഗോഡ്) എന്നിവിടങ്ങളിൽ ഓരോ എഞ്ചിനിയറിംഗ് കോളേജും പ്രവർത്തിച്ചു വരുന്നു. കൂടാതെ കണ്ണൂരിൽ
1. കേരള സ്റ്റേറ്റ്കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ് (പരിയാരം മെഡിക്കൽ കോളേജ്)ന്റെ കീഴിൽ മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്,ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ് എന്നിവ പ്രവർത്തിച്ചുവരുന്നു.

2008-09 വർഷത്തിൽ കൂടുതൽ പ്രൊഫഷണൽ കോളേജുകൾ ഈ മേഖലയിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

| | | | |
|---|---|---|---|
| | അസംബ്ലി നിയോജക മണ്ഡലങ്ങളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ; | (സി) | സഹകരണ മേഖലയിൽ സഹകാരികൾ മുൻകൈയെടുത്തുകൊണ്ട് നിയോജക മണ്ഡലങ്ങളിൽ പ്രൊഫഷണൽ കോളേജുകൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | സഹകരണ വകുപ്പിന്റെ പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ? | (ഡി) | സഹകരണ അക്കാദമിയുടെ കീഴിലുള്ള പ്രൊഫഷണൽ കോളേജു കളിലെ 85% സീറ്റുകളിൽ (50% ഗവൺമെന്റ് സീറ്റ് + 35% മാനേജ്മെന്റ് സീറ്റ്) പ്രവേശനം എൻട്രൻസ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ നേരിട്ടുള്ള അലോട്ട്മെന്റ് പ്രകാരമാണ് നടത്തുന്നത്. ഇതിൽ 50% ഗവൺമെന്റിന്റെ സീറ്റിൽ സർക്കാർ ഫീസും, ബാക്കിയുള്ള സീറ്റുകളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസുമാണ് ഈടാക്കുന്നത്. ബാക്കിയുള്ള 15% സീറ്റു കളിലേക്ക് അക്കാദമി നേരിട്ട് അപേക്ഷ ക്ഷണിക്കു കയും ഇപ്രകാരം ലഭിക്കുന്ന അപേക്ഷ കളിൽ നിന്ന് പ്ലസ്ടുവിന് ലഭിച്ചിട്ടുള്ള മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.95 — 26.6.08-ൽ മറുപടിക്ക്

### ദേശീയപാതകൾ നാലുവരിയാക്കുന്നതിനു സ്വീകരിച്ച നടപടി

**ചോദ്യം**

ശ്രീ. കെ.കുഞ്ഞിരാമൻ :
ശ്രീ.കെ.കെ.ദിവാകരൻ :
ശ്രീ.എം.ജെ..ജേക്കബ് :
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.ആർ.സെൽവരാജ് :

എ)സംസ്ഥാനത്തെ മുഴുവൻ ദേശീയപാതകളും നാലുവരിപ്പാതയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രവുമായി കേരളം ഒപ്പുവെച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

**ഉത്തരം**

ശ്രീ.മോൻസ് ജോസഫ്
(മരാമത്ത് വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ മുഴുവൻ ദേശീയപാതകളും നാലുവരി പാതയാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ കേരളത്തിലൂടെ കടന്നുപോകുന്ന പ്രധാന ദേശീയപാതകളായ എൻ.എച്ച് 47, എൻ.എച്ച് 17 എന്നിവ മൊത്തമായി (811 കി.മീ) കേന്ദ്ര ഗവൺമെന്റിന്റെ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവരി/ആറുവരി പാതയായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ബി) പ്രധാനമായും Build Operate & Transfer (B.O.T) വ്യവസ്ഥയിൽ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് വെയ്ക്കുന്നത്. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന കാര്യങ്ങൾ താഴെ പറയും പ്രകാരമാണ്.

1) ഇത് കേന്ദ്ര ഗവൺമെന്റ് ബി.ഒ.ടി വ്യവസ്ഥയിൽ നിശ്ചിത കാലാവധിയിലേക്ക് ടോൾ പിരിച്ചാണ് നടപ്പിലാക്കുന്നത്.

2) ഈ കാലയളവിൽ ഇതിന് സമാന്തരമായി സ്റ്റേറ്റ് ഗവൺമെന്റ് പുതിയ റോഡുകൾ പണിയുവാനോ നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തുവാനോ പാടില്ല.

3) ടി റോഡിന് സമാന്തരമായി ബി.ഒ.ടി വ്യവസ്ഥയിൽ സ്റ്റേറ്റ് ഗവൺമെന്റ് മറ്റൊരു റോഡ് നിർമ്മിക്കുകയാണെങ്കിൽ ടി റോഡിന്റെ ടോൾ ദേശീയപാതയിൽ നിശ്ചയിച്ചിരിക്കുന്ന ടോളിനേക്കാൾ കുറഞ്ഞത് 25% അധികമായിരിക്കണം.

4) ഏതെങ്കിലും കാരണവശാൽ ടോൾ ഇനത്തിൽ 25% അധികരിക്കാത്ത ഒരു സമാന്തര റോഡ് എട്ട് (8) വർഷത്തിനുശേഷം സർക്കാർ നിർമ്മിക്കുകയാണെങ്കിൽ,പ്രതിപാദിച്ചിരിക്കുന്ന ദേശീയപാതയുടെ തുടർന്നുള്ള ടോൾ പീരിയഡ് പിന്നീടുള്ള കാലാവധിയേക്കാൾ പകുതി കൂടി അധികരിക്കേണ്ടതും കൂടാതെ ഈ ഇനത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം സ്റ്റേറ്റ് ഗവൺമെന്റ് വഹിക്കേണ്ടതുമാണ്.

5) ടി ദേശീയപാതകളിൽ നിശ്ചയിച്ചിരിക്കുന്ന ടോൾ തുകയ്ക്കു പുറമെ സംസ്ഥാന ഗവൺമെന്റിന്റെ യതൊരുവിധ ടോൾ, ഫീസ്, ടാക്സ് എന്നിവ പിരിക്കുവാൻ പാടുള്ളതല്ല.

സി) ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ സുഗമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

**സി) ദേശീയപാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേകമായി തഹസീൽദാർ ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥർ ഇപ്പോൾ തന്നെ നിലവിലുണ്ട്.**

ഡി) ഈ വർഷം എത്ര കിലോ മീറ്റർ ദേശീയപാത നാലുവരിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

**ഡി) ഏകദേശം 30 കി.മീ ദൂരം ഈ വർഷം തന്നെ നാലുവരിപാതയായി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.**

**സെക്ഷൻ ഓഫീസർ**

**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 96** — **26.06.2008 -ൽ മറുപടിയ്ക്ക്**

## വനസംരക്ഷണം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
" കെ.സി. രാജഗോപാലൻ
" പി. കൃഷ്ണപ്രസാദ്
" ബി.ഡി. ദേവസ്സി
" സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്.

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) വനസംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(എ) വന സംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്

1) വനം കയ്യേറ്റം, അനധികൃത മരംമുറി, വന്യജീവി വേട്ട തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ നിയമാനുസൃതം പ്രോസിക്യൂട്ട് ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

2) വനാന്തരങ്ങളിലെ കഞ്ചാവ് കൃഷി, വ്യാജമദ്യ വാറ്റ് എന്നിവ നശിപ്പിക്കുന്നതിന് തുടർച്ചയായി റെയ്ഡുകൾ നടത്തി അവ ഫലപ്രദമായി തടഞ്ഞുവരുന്നു.

3) മറയൂരിൽ പ്രത്യേക ഡിവിഷൻ, റെയ്ഞ്ച്, ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവ രൂപീകരിച്ചും സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ നൽകിയും, ചന്ദന റിസർവിനു ചുറ്റും കമ്പിവേലി നിർമ്മിച്ചും, വന പരിശോധന ഊർജ്ജിതപ്പെടുത്തിയും, ചന്ദന മോഷണം ഫലപ്രദമായി തടയാൻ കഴിഞ്ഞു.

4) സംസ്ഥാനത്തൊട്ടാകെ വന സംരക്ഷണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഫോറസ്റ്റ് ആക്റ്റ് ഭേദഗതി (ഭേദഗതി ഓർഡിനൻസ്) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

5) കടുവാത്തോൽ, ചന്ദനത്തടി, ആനക്കൊമ്പ് എന്നിവ കള്ളക്കടത്തുകാരിലൂടെ പിടിച്ചെടുത്ത് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

6) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുവാനായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും വന സംരക്ഷണ സമിതികളും രൂപീകരിച്ച് അവയുടെ പ്രവർത്തനം ഊർജ്ജിതമാക്കി.

7) അന്തർ സംസ്ഥാന വനംകൊള്ളക്കാരെ ഫലപ്രദമായി നേരിടുന്നതിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പ് മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്ത് വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് അന്തർ സംസ്ഥാന സഹകരണം ഉറപ്പാക്കി.

8) വനം കയ്യേറ്റം തടയുന്നതിന് വനാതിർത്തികൾ അളന്ന് തിട്ടപ്പെടുത്തി സ്ഥിരം ജണ്ടകളും കയ്യാലയും കെട്ടുന്ന പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.

9) കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതികൾ മുഖേനയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേനയും ഊർജ്ജിതമാക്കി.

10) റിസർവ്വ് വനങ്ങളായി പ്രഖ്യാപിച്ചിട്ടില്ലാത്ത വനപ്രദേശങ്ങൾക്ക് കൂടുതൽ നിയമപരമായ സംരക്ഷണം നൽകുന്നതിന് അവയെ റിസർവ്വ് വനങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

| | | | |
|---|---|---|---|
| | | | 11) വനസംരക്ഷണ പ്രശ്നങ്ങൾ രൂക്ഷമാകുന്ന മേഖലകളിൽ നിലവിലുള്ള ദ്രുതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നു. |
| (ബി) | ഇതിന്റെ ഫലമായി കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) | മേൽ പറഞ്ഞിട്ടുള്ള നടപടികളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ താഴെ പറയുന്നവയാണ്.<br>1) വന കുറ്റങ്ങളും വന്യജീവി കുറ്റങ്ങളും ഗണ്യമായി കുറഞ്ഞു.<br>2) ചന്ദന മോഷണം ഫലപ്രദമായി തടഞ്ഞു.<br>3) വനം കയ്യേറ്റങ്ങൾ ഗണ്യമായി കുറച്ചുകൊണ്ടു വന്നു.<br>4) കസ്തൂരിമഞ്ഞൾ, പാമ്പിൻവിഷം, ചന്ദനതൈലം എന്നിവ പിടിച്ചെടുത്തു.<br>5) കഞ്ചാവ്, വ്യാജമദ്യം എന്നിവ വൻതോതിൽ നശിപ്പിച്ചു.<br>6) കൂടുതൽ വനപ്രദേശങ്ങൾക്ക് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തി.<br>7) കാട്ടുതീ ഫലപ്രദമായി തടയാൻ കഴിഞ്ഞു.<br>8) വനവിസ്തൃതിയിൽ കുറവ് വരാത്ത അപൂർവ്വ സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്ന് അഖിലേന്ത്യാ തലത്തിൽ അംഗീകരിക്കപ്പെട്ടു.<br>9) റിസർവ്വ് വന വിസ്തൃതിയിൽ വർദ്ധനവുണ്ടായ സംസ്ഥാനമെന്ന ബഹുമതിയും കേരളം നേടി. |
| (സി) | വനസംരക്ഷണ സമിതിയുടെ ചുമതലകൾ എന്തെല്ലാമാണ്; ഈ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | വനസംരക്ഷണ പ്രവർത്തനങ്ങളിൽ വനം വകുപ്പിനെ സഹായിക്കുക എന്നതാണ് വനസംരക്ഷണ സമിതിയുടെ പ്രധാന ചുമതല. ഈ സമിതികളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിവരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | ചന്ദന മോഷണം തടയുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (ഡി) | ചന്ദന മോഷണം തടയുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം വന വിസ്തൃതി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ വനങ്ങളിൽ 4.40 ചതുരശ്ര കിലോമീറ്ററും മങ്കുളത്ത് 90.06 ചതുരശ്ര കിലോമീറ്ററും, കുറിഞ്ഞിയിലെ വന്യജീവി സങ്കേതമായി 32.00 ചതുരശ്ര കിലോമീറ്ററും അങ്ങനെ മൊത്തം 126.46 ചതുരശ്ര കിലോമീറ്റർ റിസർവ്വ് വനമായി പ്രഖ്യാപിച്ച് റിസർവ്വ് വനവിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 97

26.06.2008 - ൽ മറുപടിയ്ക്ക്

# സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. എം.എം. മോനായി :<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ.വി.ജെ. തങ്കപ്പൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |

(എ) സഹകരണ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് ശുപാർശ സമർപ്പിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(എ) ഉണ്ട്

(ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

വെളിപ്പെടുത്താം.

(ബി) ഇ.എം. നാരായണൻ ചെയർമാനായ കമ്മിറ്റി സമർപ്പിച്ച ഭേദഗതി നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ നിയമത്തിലെ ആമുഖത്തിൽ തന്നെ സഹകരണ തത്വങ്ങൾ ഉൾപ്പെടുത്തുക.
2. ജില്ലാ സഹകരണ ബാങ്കിലെ വോട്ടവകാശം പ്രാഥമിക കാർഷിക വായ്പാ സംഘത്തിനും അർബൻ ബാങ്കിനും മാത്രമായി നിജപ്പെടുത്തണം.
3. അർബൻ ബാങ്കുകളുടെ കേന്ദ്ര ബാങ്ക് രൂപീകരിക്കണം
4. സഹകരണ റിക്രൂട്ട്മെന്റ് ബോർഡ്

ജില്ലാ തലത്തിൽ റിക്രൂട്ട്മെന്റ് നടത്തുക.
5. ആർബിട്രേഷൻ കോടതി മൂന്ന്
മേഖലകളിൽ ആരംഭിക്കുക.
6. ജില്ലാബാങ്കുകളുടെയും അപെക്സ്
സംഘങ്ങളുടെയും പി.എസ്.സി.യ്ക്ക് വിട്ട
നിയമനങ്ങളിൽ ക്ലാർക്ക് തസ്തികയ്ക്ക്
താഴെയുള്ളവയിലെ നിയമനാധികാരം
ഭരണ സമിതിയ്ക്ക് നൽകുക.
7. പഞ്ചായത്തുകളേയും പ്രാഥമിക
സംഘങ്ങളേയും കൂട്ടിയോജിപ്പിച്ചു
കൊണ്ടുള്ള നിയമ നിർമ്മാണം
നടത്തുക.
8. സംഘങ്ങളിലെ ഭരണ സമിതികളിൽ
നിക്ഷേപകർക്ക് ഒരു സീറ്റ് റിസർവ്വ്
ചെയ്യുക.
9. വാർഷിക പൊതുയോഗം കൂടാത്ത
ഭരണ സമിതികളെ പിരിച്ചുവിടുക.
10. സഹകരണ സംഘം രജിസ്ട്രാറുടെ
അധികാരങ്ങളിൽ കാതലായ മാറ്റങ്ങൾ
വരുത്തുക.
11. ബൈലോ രജിസ്ട്രേഷൻ 30
ദിവസത്തിനകം ചെയ്യാത്ത പക്ഷം
ആയത് രജിസ്റ്റർ ചെയ്തതായി
കണക്കാക്കണം.
12. സംഘങ്ങളിലെ ജീവനക്കാർ
ചെയ്യുന്ന കുറ്റങ്ങളിൻമേലുള്ള
അന്വേഷണത്തിന് ഭരണ സമിതിയിലെ
3 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു
അച്ചടക്ക സമിതിയെ നിയമിക്കാനും
വേണമെങ്കിൽ പുറമേയുള്ള
ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കു
ന്നതിനും നിയമ നിർമ്മാണം നടത്തുക.
13. ആശുപത്രി സംഘങ്ങൾ
ഒഴികെയുള്ള സംഘങ്ങളിൽ
വരുമാനത്തിന്റെ 2.5 ശതമാനത്തിൽ

അധികരിക്കാത്ത തുക മാത്രം തൻ
ചെലവിനും സിൽബന്തി
ചെലവിനുമായി ചെലവഴിക്കാവൂ
എന്ന വ്യവസ്ഥ.

14. ചട്ടം 63(3)-ൽ ദ്രവധനം
ചുരുങ്ങിയത് 10 ശതമാനമെങ്കിലും
സൂക്ഷിക്കുന്നതിന് സംഘം
സെക്രട്ടറിയെ ഉത്തരവാദിയാക്കുക.

15. സംഘങ്ങളിലെ ഉദ്യോഗ കയറ്റം
അക്കൗണ്ടന്റ് മുതലുള്ള എല്ലാ
തസ്തികകൾക്കും ഇന്റേണൽ ടെസ്റ്റ്
നടത്തി മാത്രം നടത്തുക.

16. സഹകരണ സംഘങ്ങളിലെ
ധനാപഹരണം പോലുള്ള കുറ്റങ്ങൾ
തടയുന്നതിന് പോലീസ് സൂപ്രണ്ടിന്റെ
റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ
നിയമിക്കുക.

17. എല്ലാ വായ്പാ സംഘങ്ങൾക്കും
ഗഹാൻ സമ്പ്രദായം ബാധകമാക്കുക.

18. ഓഡിറ്റിനുവേണ്ടി പ്രത്യേക ഓഡിറ്റ്
ഡയറക്ടറേറ്റ് രൂപീകരിക്കുക, ഓഡിറ്റ്
മാനുവൽ പരിഷ്കരിക്കുക.

19. സഹകരണ സർവ്വീസ് റൂൾസ്
നടപ്പിലാക്കുക.

20. സംഘങ്ങളിലെ ഭരണ സമിതി
അംഗങ്ങൾക്കും മെമ്പർമാർക്കും വിദ്യാ
ഭ്യാസത്തിനും പരിശീലനത്തിനുമായി
ബഡ്ജറ്റിൽ 3 ശതമാനം വരെ തുക
വകയിരുത്തുക.

21. സഹകരണ സ്ഥാപനങ്ങളിൽ
നിന്നും കടമെടുക്കുന്ന സർക്കാർ
അർദ്ധസർക്കാർ ജീവനക്കാർ കടം
തിരിച്ചടയ്ക്കാതിരുന്നാൽ അവർക്ക്
ശിക്ഷാ നടപടികള്‍ നിയമത്തിൽ
ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ.

22. പലവക സംഘങ്ങളെ നിർവചിച്ചു കൊണ്ട് വ്യവസ്ഥ യുണ്ടാ ക്കുക.

23. ജാമ്യക്കാരിൽ നിന്നും വായ്പാ തുക ഈടാക്കുന്നതിന് വ്യയവസ്ഥ ഉൾപ്പെടുത്തുക.

24. അംഗങ്ങൾ തമ്മിൽ ഇടപാടു നടത്തുന്നതിന്റേയും സ്വത്ത് കൈമാറ്റത്തേയും കുറിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകുന്ന കാര്യത്തിൽ വ്യക്തമായ നിർവ്വചനം നൽകിക്കൊണ്ട് വ്യവസ്ഥയുണ്ടാക്കുക.

25. ആർബിട്രേഷൻ കേസ് ഫയൽ ചെയ്താൽ ഒരു വർഷത്തിനകം തീർപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

26. ഭരണ സമിതി തെരഞ്ഞെടുപ്പ് ചുമതല സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും മാറ്റി സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കു നൽകുന്നതിനുള്ള വ്യവസ്ഥ.

27. കാർഷിക മേഖലയുടെ വികസനത്തിനും. അഭിവൃദ്ധിക്കുമായി സംസ്ഥാന സഹകരണ ബാങ്കിന്റെയും , ജില്ലാ ബാങ്കിന്റെയും, പ്രൈമറി ബാങ്കിന്റെയും കൂട്ടായ്മയിൽ കമ്പനികളും ട്രസ്റ്റുകളും രൂപീകരിച്ച് ആവശ്യമായ ഫണ്ട് നൽകാൻ വ്യവസ്ഥ.

28. നഷ്ടം ഉണ്ടെങ്കിൽപോലും ഓഹരി ഉടമകൾക്ക് 5 ശതമാനം വരെ പ്രതിഫലം നൽകുക.

29. സംഘം ഭരണ സമിതികളെ പിരിച്ചു വിടുന്നതിനുള്ള നോട്ടീസ് ചീഫ് എക്സിക്യൂട്ടിവിനും,പ്രസിഡന്റിനും നൽകുന്നതിന് വ്യവസ്ഥ ചെയ്യുക.

30. വായ്പയുടെ കാലാവധി

കഴിഞ്ഞിട്ടും കുടിശ്ശിക വയ്പകളിൽ ആർബിട്രേഷൻ ഫയൽ ചെയ്യാതിരുന്നാൽ ആയതു മൂലമുള്ള നഷ്ടം ചീഫ് എക്സിക്യൂട്ടിവിൽ നിന്നും ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

31. പ്രൈമറി സംഘങ്ങളുടെ രജിസ്ട്രേഷൻ നടത്തിയ പ്രദേശങ്ങളിൽ മറ്റു പേരുകളിൽ പ്രൈമറി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് തടയുക.

32. അറ്റൻഡർ, പ്യൂൺ തസ്തികകളുടെ യോഗ്യത 7-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ആക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

33. ഉദ്യോഗസ്ഥ ജാമ്യത്തിനു മേൽ വായ്പ നൽകുകയാണെങ്കിൽ ഒരു ഉദ്യോഗസ്ഥ ജാമ്യത്തിൻമേൽ 50,000/- രൂപ വരെ വായ്പ നൽകുന്നതിനുള്ള വ്യവസ്ഥ.

34. ജില്ലാ ബാങ്കുകളുടെയും പ്രൈമറി ബാങ്കുകളുടെയും കൂട്ടായ്മയിൽ രണ്ട് ജില്ലയ്ക്ക് ഓരോ മെഡിക്കൽ കോളേജ്, ഓരോ നിയോജക മണ്ഡലത്തിലും ഓരോ എഞ്ചിനീയറിംഗ് കോളേജ്, പ്രധാന കേന്ദ്രങ്ങളിൽ പാരാ മെഡിക്കൽ കോഴ്സുകൾ തുടങ്ങിയവ രൂപീകരിക്കാൻ വ്യവസ്ഥ.

35. ആശുപത്രികൾ ഇല്ലാത്ത കേന്ദ്രങ്ങളിൽ ആശുപത്രികൾ, ലാബോറട്ടറി, ബ്ലഡ് ബാങ്ക്, സ്കാനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ.

35 .എ) സഹകരണ മേഖലയിലെ എഞ്ചിനീയറിംഗ്, മെഡിക്കൽ, ബി.എസ്.സി. ജനറൽ നഴ്സിംഗ്

കോളേജുകളിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശിക്കുന്ന നോംസ് അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ.

36. സർക്കാർ ഫണ്ടുകൾ, തൊഴിൽ ഉറപ്പു പദ്ധതി ഫണ്ടുകൾ,ദേവസ്വം ബോർഡ്, ക്ഷേമനിധി ബോർഡു ഫണ്ടുകൾ സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുക.

37. പി.എസ്.സി., സഹകരണ പരീക്ഷാ ബോർഡ് മുഖേന നിയമനം നടത്തുന്ന സംഘങ്ങളിൽ ജീവനക്കാരന്റെ അടുത്ത ബന്ധുവിന് കമ്മിറ്റി അംഗമാകുന്നതിനുള്ള അയോഗ്യത എടുത്തു കളയുക.

38. ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ കീഴിലുള്ള സഹകരണ ബാങ്കുകളിലും, 50 കോടി വിറ്റുവരവുള്ള മാർക്കറ്റിംഗ് സംഘങ്ങളുടെയും ഓഡിറ്റ് ,ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് നൽകുക.

39. ഭരണ സമിതിക്കെതിരെ അവിശ്വാസ പ്രമേയത്തിൽ വോട്ടു ചെയ്യുന്നതിന് നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകുക.

40. 1000-ത്തിൽ താഴെ അംഗങ്ങളുള്ള സംഘങ്ങളിലെ പൊതുയോഗ നോട്ടീസ് സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് മുഖേനയാക്കുക.

41. സംഘങ്ങളുടെ സ്റ്റാഫ് പാറ്റേൺ - തരം തിരിവ് ഇവ കാലാനു സൃതമായി പരിഷ്കരിക്കുക.

42. ബോണസ് ആക്റ്റിനു വിധേയമായി രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ

മാത്രമേ സംഘം ജീവനക്കാർക്ക് ബോണസ് നൽകാവൂ.

43. ക്രമക്കേടുകൾ മൂലം പിരിച്ചുവിട്ട ഭരണ സമിതിയംഗത്തെ അടുത്ത അഞ്ചു വർഷത്തേക്ക് മത്സരിക്കുന്നതിന് അയോഗ്യത കൽപിക്കുന്നതിനുള്ള വ്യവസ്ഥ.

44. സംഘങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരേയും നിയമിച്ച്, കമ്പ്യൂട്ടർ വൽക്കരണം നടത്തുന്നതിനും വ്യവസ്ഥ ചെയ്യുക.

45. ജീവനക്കാരുടെ യോഗ്യത / ഉദ്യോഗ കയറ്റം എന്നിവ സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തി വ്യവസ്ഥ ചെയ്യുക.

46. സർക്കിൾ സഹകരണ യൂണിയനുകളുടെ ചുമതലകൾ ആക്ടിൽ നിർവ്വചിക്കുകയും അവയുടെ പ്രവർത്തനം കാലോചിതമായി വിപുലപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യണം.

47. സഹകരണ ക്ഷേമ വികസന ഫണ്ടിലേക്ക് സംഘങ്ങളുടെ വിഹിതം നിർബന്ധമാക്കുക.

48. സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യുക

49. വിധി നടത്തപേക്ഷ രജിസ്ട്രാർ മുമ്പാകെ അല്ലാതെ റവന്യൂ റിക്കവറി പ്രകാരം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർട്ടിഫിക്കറ്റ് നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥ ചെയ്യുക.

50. സഹകരണ ട്രൈബ്യൂണലുകൾ 6 മാസത്തിനകം അപ്പീൽ തീർപ്പു കൽപ്പി

ക്കുന്നതിന് വ്യവസ്ഥ ചെയ്യുക.
51. ഓഡിറ്റ് റിപ്പോർട്ടിൽ റിപ്പോർട്ട്
ചെയ്യപ്പെടാത്ത സാമ്പത്തിക
ക്രമക്കേട് പിന്നീട് കണ്ടുപിടിക്ക
പ്പെട്ടാൽ  പ്രസ്തുത സാമ്പത്തിക
ബാദ്ധ്യതയ്ക്ക് ഓഡിറ്ററെകൂടി
ബാദ്ധ്യസ്ഥപ്പെടുത്തുന്നതിന് വ്യവസ്ഥ
ചെയ്യുക.
52. ഭരണ സമിതിയിലുണ്ടാകുന്ന
ഇടക്കാല ഒഴിവുകൾ ടി കമ്മിറ്റിക്ക്
തന്നെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ
ചെയ്യുക.
53. സർക്കാർ നിർദ്ദേശിക്കുന്ന
പദ്ധതികൾ നടപ്പിലാക്കുമ്പോൾ
സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം
പൂർണ്ണമായും  സർക്കാർ വഹിക്കുന്ന
തിന് വ്യവസ്ഥ ചെയ്യുക.
54. സംഘങ്ങൾക്ക് ഏകീകൃത
സോഫ്റ്റ് വെയർ,ഏകീകൃത
അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്ന
തിന് വ്യവസ്ഥ ചെയ്യുക
56. പണയ വസ്തുക്കൾ ലേലം ചെയ്ത്
വിൽക്കുമ്പോൾ സംഘങ്ങൾക്ക്
ലഭിക്കുവാനുള്ള തുകയ്ക്ക് അനുസൃത
മായി മാത്രമേ വസ്തു ലേലം ചെയ്യാവൂ
എന്ന് വ്യവസ്ഥ ചെയ്യുക.
56. എല്ലാ സഹകരണ സ്ഥാപനങ്ങളി
ലേയും ജീവനക്കാർക്ക് ഏതെങ്കിലും
തരത്തിലുള്ള പെൻഷൻ ലഭിക്കുന്നതി
നുള്ള വ്യവസ്ഥ.
57. സഹകരണ വിദ്യാഭ്യാസ ഫണ്ടിന്റെ
പരമാവധി തുക 40,000-ൽ നിന്നും
50,000 ആക്കുക.  നഷ്ടത്തിൽ
പ്രവർത്തിക്കുന്ന സംഘങ്ങളും
വിദ്യാഭ്യാസ ഫണ്ട് നൽകാൻ വ്യവസ്ഥ.

58. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടു മാസത്തിനകം സഹകരണ വിദ്യാഭ്യാസ ഫണ്ട് യൂണിയന് അടയ്ക്കാത്ത പക്ഷം 24 ശതമാനം പിഴ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യണം.

59. പ്രവർത്തിക്കാതിരിക്കുന്നതും പ്രവർത്തന മാന്ദ്യം സംഭവിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുക.

(സി) റിപ്പോർട്ടിലെ എല്ലാ ശുപാർശകളും സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(സി) റിപ്പോർട്ടിലെ ശുപാർശകളിന്മേൽ പരിഗണിക്കാൻ കഴിയുന്നവയിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതി കൊണ്ടുവരാനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

(ഡി) അംഗീകരിക്കുന്നു.

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98 — 26.6.2008 ൽ മറുപടിക്ക്

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൻെറ പ്രവർത്തനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു : | ശ്രീ. ബിനോയ് വിശ്വം<br>( വനവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) ഭവനനിർമ്മാണ ബോർഡ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്, ബോർഡിൻെറ കൈവശമുള്ള സ്ഥലങ്ങളിൽ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br>എ) ജഗതി ഭവനനിർമ്മാണ പദ്ധതി - 32 ഫ്ലാറ്റുകൾ<br>ബി) പണ്ഡിറ്റ്സ് കോളനി (എക്സ്റ്റെൻഷൻ) ഭവന പദ്ധതി - 41 ഫ്ലാറ്റുകൾ<br>സി) പി.റ്റി.ചാക്കോ നഗർ (എക്സ്റ്റെൻഷൻ) കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ്<br>ഡി) പനമ്പിള്ളി നഗർ ഫ്ലാറ്റുകൾ - 24 ഫ്ലാറ്റുകൾ |

ഇ) പട്ടം കമേഴ്സ്യൽ കോംപ്ലക്സ് - കടമുറികളും ഓഫീസ് ഏരിയയും

എഫ്) ചേവരമ്പലം സൈറ്റ് 1 സ്റ്റേജ് **II Phase I - 36** ഫ്ലാറ്റുകൾ

ജി) കുമാരനാശാൻ നഗർ റസിഡൻഷ്യൽ അപ്പാർട്ടുമെന്റ് - 22 ഫ്ലാറ്റുകൾ

എച്ച്) തൃക്കാക്കര ഭവന പദ്ധതി - സ്റ്റേജ് II - 48 ഫ്ലാറ്റുകൾ

ഐ) ചാലക്കുടി കമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സ് - കടമുറികളും ഓഫീസ് ഏരിയായും

ജെ) പാല സൈറ്റ് II - ഭൂവികസന പദ്ധതി ( 25 പ്ലോട്ടുകൾ)

കെ) അമ്പല നഗർ ഭവന പദ്ധതി - 50- ഫ്ലാറ്റുകൾ

എൽ) ഇരുമ്പനം പദ്ധതി - കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ്

എം) ഇടപ്പള്ളി ഭവന പദ്ധതി - 3 നില ഫ്ലാറ്റുകൾ

എൻ) കെ.റ്റി ജേക്കബ് നഗർ ഭവന പദ്ധതി - കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് ഫ്ലാറ്റ് കോംപ്ലക്സ് എന്നിവ. (ഇവയിൽ 'എ' മുതൽ 'ഇ' വരെയുള്ളവയ്ക്ക് ഗവൺമെൻറ് അംഗീകാരം നൽകിയിട്ടുണ്ട്)

ഇതിനുപുറമേ,

1) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണാവശ്യങ്ങൾ നിറവേറ്റാൻ അവയുടെ ടെക്നിക്കൽ കൺസൽട്ടൻസി ജോലികൾ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

2) പട്ടികജാതി വികസന വകുപ്പിന് വേണ്ടി 7 ജില്ലകളിലായി 1816 വീടുകളുടെ നിർമ്മാണം ഗുണഭോക്താക്കളിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

3) വയനാട് പ്രാക്തന ഗോത്ര വിഭാഗക്കാർക്ക് വേണ്ടി 201 വീടുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു.

4) വിവിധ വകുപ്പുകളുടെ ഡെപ്പോസിറ്റ് വർക്കുകൾ ബോർഡ് ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

5) സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ ഭവന നിർമ്മാണ ബോർഡിനെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൻ പ്രകാരം തിരുവനന്തപുരത്ത് ബീമാപള്ളിയിൽ 31 വീടുകളുടെ നിർമ്മാണം ബോർഡ് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | ബോർഡ് ഏതെല്ലാം നിർമ്മാണ പദ്ധതികളാണ് ഏറ്റെടുത്തു നടപ്പാക്കി | ബി) | ബോർഡ് താഴെപ്പറയുന്ന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |

വരുന്നത്;

1. സുരക്ഷാ ഭവന പദ്ധതി
2. ലക്ഷം വീട് നവീകരണ പദ്ധതി
3. എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതി
4. പൊതുഭവന നിർമ്മാണ പദ്ധതി

5) ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി തവണപ്പിരിയുന്ന പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

<u>തിരുവനന്തപുരം മേഖല</u>

എ) ജഗതി ഭവന നിർമ്മാണ പദ്ധതി - 32 ഫ്ലാറ്റുകൾ

ബി) പണ്ഡിറ്റ്സ് കോളനി (എക്സ്റ്റെൻഷൻ) ഭവന പദ്ധതി - 41 ഫ്ലാറ്റുകൾ

സി) പി.റ്റി.ചാക്കോ നഗർ (എക്സ്റ്റെൻഷൻ) കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് (കടമുറികളും ഓഫീസ്/കമേഴ്സ്യൽ ഏരിയയും 6 ഫ്ലാറ്റുകളും) പട്ടം കമേഴ്സ്യൽ കോംപ്ലക്സ് (കടമുറികളും ഓഫീസ് ഏരിയയും)

ഡി) അമ്പല നഗർ ഭവന പദ്ധതി - 50- ഫ്ലാറ്റുകൾ

ഇ) കെ.റ്റി ജേക്കബ് നഗർ ഭവന പദ്ധതി - കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് ഫ്ലാറ്റ് കോംപ്ലക്സ് എന്നിവ.

<u>എറണാകുളം മേഖല</u>

എ) പനമ്പിള്ളി നഗർ ഫ്ലാറ്റുകൾ - 24 ഫ്ലാറ്റുകൾ

ബി) കുമാരനാശാൻ നഗർ റസിഡൻഷ്യൽ അപ്പാർട്ടുമെന്റ് - 22 ഫ്ലാറ്റുകൾ

സി) തൃക്കാക്കര ഭവന പദ്ധതി
- സ്റ്റേജ് II - 48 ഫ്ലാറ്റുകൾ

ഡി) ചാലക്കുടി കമേഴ്സ്യൽ കം
ഓഫീസ് കോംപ്ലക്സ് - കടമുറികളും
ഓഫീസ് ഏരിയായും

ഇ) പാല സൈറ്റ് II -
ഭൂവികസന പദ്ധതി ( 25
പ്ലോട്ടുകൾ)

എഫ്) ഇടപ്പള്ളി ഭവന പദ്ധതി - 3
നില ഫ്ലാറ്റുകൾ

ജി) ഇരുമ്പനം ഭവന പദ്ധതി - കമേഴ്സ്യൽ
കം റസിഡൻഷ്യൽ കോംപ്ലക്സ്

<u>കോഴിക്കോട് മേഖല</u>

എ) ചേവരമ്പലം സൈറ്റ് I - സ്റ്റേജ്
II - 36 ഫ്ലാറ്റുകൾ

6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.
7. സുനാമി പുനരധിവാസ പദ്ധതി
8. വയനാട് പ്രാക്തനാ ഗോത്രവിഭാഗക്കാർക്ക് വേണ്ടി 201 വീടുകളുടെ നിർമ്മാണം

| | | | |
|---|---|---|---|
| സി) | ലോൺ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു | സി) | ഉണ്ട് |

| | | | |
|---|---|---|---|
| | കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; | | |
| ഡി) | ബോർഡിന് വിവിധ സ്ഥലങ്ങളിൽ സർക്കാർ നല്കിയിട്ടുള്ള ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | ഡി) | ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കാരണം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡിന് ബുദ്ധിമുട്ടുണ്ട്. |
| ഇ) | എത്ര കോടി രൂപയുള്ള കോൺട്രാക്റ്റ് ജോലികൾ ബോർഡിന് ഇപ്പോൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | ഇ) | ഭവനനിർമ്മാണ ബോർഡ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

എ) ഏറ്റെടുത്ത് നടപ്പിലാക്കുന്നവ

| | | | |
|---|---|---|---|
| 1 | വനം വകുപ്പ് | ഡി.എഫ്.ഒ ചാലക്കുടിയുടെ കീഴിൽ | |
| | | 1. റെയിഞ്ചാഫീസറുടെ ക്വാർട്ടേഴ്സ് വെള്ളിക്കുളങ്ങര | 7,08,337/- |
| | | 2. ആന്റി പോച്ചിംഗ്ഷേഡ് | 3,78,559/- |
| | | 3. ടൈപ്പ് II, കെട്ടിടം രണ്ടുകൈ | 5,15,162/- |
| | | 4. ടൈപ്പ് II കെട്ടിടം പരിയാരം | 4,93,015/- |
| | | 5. ചുറ്റുമതിൽ നിർമ്മാണം വരന്തരപ്പിള്ളി | 5,19,267/- |

| | | | |
|---|---|---|---|
| | | ആകെ | 26,14,340/- |
| 2 | വി.എസ്.എസ്.സി | വലിയമലയിലെ ടെക്നിക്കൽ സർവ്വീസ് കെട്ടിടം | 1,03,31,790/- |
| 3 | വി.എസ്.എസ്.സി | എക്സ്റ്റെൻഷൻ റ്റു സബ് അസംബ്ലി ഇൻറഗ്രേഷൻ ഫെസിലിറ്റി ഫോർ ആർ.എൽ.വി. ഫോർ റ്റി.ഇ.ആർ.എൻ.എൽ. തുമ്പ | 2,13,86,095/- |
| 4 | മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് | കോളേജിന് വേണ്ടി അക്കാഡമിക് ബ്ലോക്കിൻെറ നിർമ്മാണം | 1,62,12,008/- |
| 5 | കെ.എസ്.ആർ.റ്റി.സി | കാട്ടാക്കടയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (തുടങ്ങിയിട്ടില്ല.) | 2,90,64,695/- |
| ബി) | ഏറ്റെടുത്ത് നടപ്പാക്കിയവ | | |
| 1 | വി.എസ്.എസ്.സി | വി.എസ്.എസ്.സി തുമ്പയിലെ വിവിധ കാമ്പസുകളിലെ റോഡുനിർമ്മാണം | 1,00,49,316/- |
| 2 | കെ.എൽ.ഡി. ബോർഡ് | മൂന്നാറിലെ മാട്ടുപ്പെട്ടിയിലുള്ള ഫാമിലെ വിവിധ കെട്ടിടങ്ങളുടെ നവീകരണജോലികൾ | 12,38,368/- |
| | സംഗ്രഹം | ഏറ്റെടുത്ത് നടപ്പാക്കുന്നവ ആകെ | 7,96,08,928/- |
| | | ഏറ്റെടുത്ത് നടപ്പിലാക്കിയവ | 1,12,87,684/- |
| | | ആകെ | 9,08,96,612/- |

Lalithabai.O
സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 99 — 26.6.2008 ൽ മറുപടിക്ക്

## റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം. |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. മോൻസ് ജോസഫ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;<br><br>(ബി) ഏതെല്ലാം റസ്റ്റ് ഹൗസുകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്; | (എ)&(ബി) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) റസ്റ്റ് ഹൗസുകളിൽ കൂടുതൽ മുറികൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; എത്ര ശതമാനം മുറികൾ പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നു; | (ഡി) സർക്കാർ ഉദ്യോഗസ്ഥരുടെയും ജന പ്രതിനിധികളുടെയും ഔദ്യോഗിക യാത്രക്കിടയിൽ താമസിക്കുന്നതിനായാണ് റസ്റ്റ് ഹൗസുകൾ നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാ പ്രകാരം എല്ലാ മുറികളും പൊതുജനങ്ങൾക്കും നിശ്ചിത വാടകയ്ക്ക് നൽകി വരുന്നു. |

| | |
|---|---|
| (ഇ) പുതുതായി റസ്റ്റ് ഹൗസുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ? | (ഇ) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 100 — 26/06/2008-ൽ മറുപടിയ്ക്ക്

അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.പി.വിശ്വൻ: | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത നിരവധി അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ; | എ) | ഉണ്ട്. അംഗീകാരമില്ലാത്ത നിലവിലുള്ള സ്കൂളുകളുടെ എണ്ണം ശേഖരിച്ചുവരുന്നു. |
| ബി) | ഇത്തരം സ്കൂളുകളെ നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) | അംഗീകാരമില്ലാത്ത സ്കൂളുകളുടെ വിശദവിവരം ലഭ്യമാകുന്ന മുറയക്ക് മാത്രമെ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. എന്നാൽ ഇത്തരം സ്കൂളിൽ പഠിക്കുന്ന കുട്ടികളെ അടുത്ത വർഷം മുതൽ അഞ്ചാം ക്ലാസ് മുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ചേർക്കാൻ പാടില്ലെന്നും അഞ്ചാം ക്ലാസ്സിൽ പഠിക്കേണ്ട കുട്ടികൾ നാലാംക്ലാസ് വാർഷിക പരീക്ഷ അംഗീകൃത സ്കൂളുകളിൽ എഴുതേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം പത്ര മാദ്ധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ച കുട്ടികൾക്ക് ഉപരിപഠനത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.101*** 26.6.2008 ൽ മറുപടിക്ക്

## റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. മോൻസ് ജോസഫ്<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കാലവർഷത്തിനുമുമ്പ് ഓടകളിലെയും കലുങ്കുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP) നിർമ്മാണം പൂർത്തിയാക്കിയ റോഡുകളിലെ, ഓടകളും കലുങ്കുകളും കാലവർഷത്തിന് മുൻപുതന്നെ മാലിന്യമുക്തമാക്കി തകരാറിലായ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഭൂരിഭാഗവും ചെയ്യുകയുണ്ടായി. റോഡുകളും പാതകളും വിഭാഗത്തിൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള ഓടകളും കലുങ്കുകളും വൃത്തിയാക്കി മഴവെള്ളം സുഗമമായി ഒഴുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലത്തിൽ രൂപപ്പെട്ട കുഴികൾ അടയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| **(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചു ?** | (ബി) **പൊതുമരാമത്തിന്റെ റോഡുകളും പാലങ്ങളും വിഭാഗത്തിന് 21.93 കോടി രൂപ ഇതിലേക്ക് അനുവദിച്ചു. ഇതിനായി** കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP) 60 ലക്ഷം രൂപ ചെലവഴിച്ചു. |

(സി) ഇപ്പോൾ നടന്നുവരുന്ന പ്രധാനപ്പെട്ട റോഡുനിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടി (KSTP) ന്റെ അപ്ഗ്രേഡ് പണികളിൽ തൈക്കോട് -കൊട്ടാരക്കര, കൊട്ടാരക്കര-ചെങ്ങന്നൂർ, തൈക്കോട് - കഴക്കൂട്ടം, ആലപ്പുഴ - ചങ്ങനാശ്ശേരി, പാലക്കാട് -ഷൊർണ്ണൂർ, തൃശൂർ - കുറ്റിപ്പുറം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഹെവി മെയിന്റനൻസിൽ മുടങ്ങിപ്പോയ തിരുവനന്തപുരം - പൊൻമുടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ റോഡുകളും പാലങ്ങളു (ആർ& ബി) ടെ അധീനതയിൽ നടന്നുവരുന്ന പ്രധാനപ്പെട്ട റോഡു നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധത്തിൽ ഉള്ളടക്കം ചെയ്യുന്നു.

(ഡി) മുടങ്ങിക്കിടക്കുന്ന എം.സി. റോഡു നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഭാഗത്തെ പണികൾ പൂർത്തിയായിട്ടുണ്ട് എന്നറിയിക്കാമോ ?

(ഡി) ഉണ്ട്. മൊത്തത്തിൽ ഏകദേശം 55% പണി പൂർത്തിയായിട്ടുണ്ട്.

അനുബന്ധം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പകർപ്പിനോടൊപ്പം ലഭ്യമാണ്

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102 | 26-06-2008 - ൽ മറുപടിയ്ക്ക് |
|---|---|

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ വികസനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.രാജു എബ്രഹാം | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ വികസനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | 12-ാം ധനകാര്യ കമ്മീഷന്റെ "ഇംപ്രൂവ്മെന്റ് ഓഫ് ക്വാളിറ്റി ഓഫ് സ്കൂൾ എഡ്യൂക്കേഷൻ" പദ്ധതിയുടെ ഭാഗമായി 2006 07 വർഷം സ.ഉ.(സാധ)നം.1350/2007/പൊവിവ. തീയതി 23-4-2007 പ്രകാരം ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രണ്ട് കോടി രൂപയുടെ ഭരണാനുമതി വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിന് നൽകുകയും മുഴുവൻ തുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2007-2010 കാലയളവിലേക്ക് സ.ഉ.(സാധ)നം. 181/2008/പൊവിവ, തീയതി 8-1-2008 പ്രകാരം 24.25 കോടി രൂപയ്ക്കുള്ള ധനസഹായത്തിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിൽ 5.67 കോടി രൂപ 39 ഗവൺമെന്റ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ 2007-08 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് സ.ഉ.(സാധ)നം.3587/2007/പൊവിവ, തീയതി 2-8-2007 പ്രകാരം "ഓൺ ദി ജോബ് ട്രയിനിംഗ്", അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും പരിശീലനം, പ്രൊഡക്ഷൻ - കം - ട്രയിനിംഗ് സെന്ററുകൾ, വൊക്കേഷണൽ ഹയർ സെക്കന്ററിയുടെ നവീകരണം, കൗൺസലിംഗ് സെന്ററുകൾ, റിസർച്ച് വിംഗ് എന്നിവയ്ക്കായി 150 ലക്ഷം രൂപ അനുവദിച്ച് നൽകി. 2008-09 വർഷത്തിൽ ബഡ്ജറ്റ് പ്ലാൻ വിഹിതത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ വികസനത്തിനായി 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ലാബുകൾ, ലൈബ്രറികൾ എന്നിവയുടെ വികസനം, അദ്ധ്യാപക പരിശീലനം, വർക്ക് ഷെഡ് നിർമ്മാണം, തൊഴിൽ പരിശീലനം, പ്രൊഡക്ഷൻ-കം-ട്രയിനിംഗ് സെന്ററുകൾ, മൊബൈൽ പ്രൊഡക്ഷൻ കം സെയിൽസ് യൂണിറ്റുകൾ, അനൗപചാരിക തൊഴിൽ കേന്ദ്രങ്ങൾ, പ്ലാനിംഗ് സെൽ രൂപീകരിക്കൽ, കരിക്കുലം ഡെവലപ്മെന്റ് വർക്ക്ഷോപ്പ്, കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് സെന്റ |

| | | | |
|---|---|---|---|
| | | | റുകൾ, നെറ്റ് വർക്കിംഗ്, മോണിറ്ററിംഗ് ആന്റ് ഈവാല്യുവേഷൻ സെൽ ആരംഭിക്കൽ, ജില്ലാ ഓഫീസുകൾ, ഡയറക്ടറേറ്റ്, പരീക്ഷാ ഓഫീസ് എന്നിവയുടെ ശക്തിപ്പെടുത്തൽ എന്നീ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | ഇപ്പോൾ എത്ര തൊഴിലധിഷ്ഠിത കോഴ്സുകളാണ് നിലവിലുള്ളത്; പുതിയ കോഴ്സുകളും അധിക ബാച്ചുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് ഇപ്പോൾ 42 തരം തൊഴിലധിഷ്ഠിത കോഴ്സുകളാണ് നടത്തുന്നത്. പുതിയ കോഴ്സുകളും അധിക ബാച്ചുകളും ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | കോഴ്സ് പൂർത്തിയാക്കുന്നവരുടെ തൊഴിൽ ലഭ്യത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 2001 വർഷത്തിൽ കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് വി.എച്ച്.എസ്.ഇ. പാസ്സായവരുടെ തൊഴിൽ സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തിയിരുന്നു. കൂടാതെ തൊഴിൽ സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തുവാൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസുമായി (കിറ്റ്സ്) വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (ഡി) | വൊക്കേഷണൽ കോഴ്സ് പാസായ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും തൊഴിൽ പ്രാപ്തി കൂട്ടുന്നതിനുമായി ഫിനിഷിംഗ് സ്ക്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | 2008-09 വർഷം അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് പ്ലാൻ വിഹിത തുകയിൽ ഉൾപ്പെടുത്തി ഫിനിഷിംഗ് സ്ക്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 103** **26.06.2008 ൽ മറുപടിക്ക്**

**ക്രയവിലസ്ഥിരതാ നിർണ്ണയ സമിതിയുടെ റിപ്പോർട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.ബാബു പോൾ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ)ക്രയ വില സ്ഥിരതാ നിർണ്ണയ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയർ ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;<br>(ബി) ഏതെല്ലാം കയർ ഉല്പന്നങ്ങൾക്കാണ് വിലവർദ്ധിപ്പിക്കാനുദ്ദേശിച്ചിട്ടുള്ളതെന്നും അവ എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ ; | (എ)&(ബി) ക്രയ വില സ്ഥിരതാ വില നിർണ്ണയ സമിതി കയർ ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 07-06-08 ൽ ബഹുമാനപ്പെട്ട സഹകരണം, കയർ, ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ബന്ധപ്പെട്ടവരുടെ യോഗം 4 ഇനം കയർ ഉല്പന്നങ്ങളുടെ നിലവിലുള്ള വിലയിൽ 9/6/08 മുതൽ ഇടക്കാല വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചു.<br>താഴെ വിവരിക്കുന്ന 4 ഇനം കയർ ഉല്പന്നങ്ങൾക്കാണ് 09/06/08 മുതൽ ഇടക്കാല വർദ്ധനവ് വരുത്തിയിട്ടുള്ളത്. |

| ഇനം നമ്പർ | നിലവിലുള്ള വില/ Sqft | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|
| BC 1 | 23.96 | 6% |
| BC 20 | 21.00 | 6% |
| F.M.2 | 43.00 | 5% |
| M2 BV3 | 66.37 | 5% |

(സി)കയർ ഉല്പന്ന നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഭാഗങ്ങളിൽപ്പെടുന്ന തൊഴിലാളികൾക്ക് നിലവിലുണ്ടായിരുന്ന കൂലിയും വർദ്ധിപ്പിച്ച കൂലിയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ട്. മേൽ വിവരിച്ച യോഗ തീരുമാന പ്രകാരം BC1. BC20. FM2 എന്നീ ഇനങ്ങളുടെ ഉൽപ്പാദന കൂലി എല്ലാ വർക്കുകൾക്കും 10% വും M2 BV3 ഇനത്തിൽ 71/2% വും 9/6/08 മുതൽ താൽക്കാലികമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. നിലവിലുള്ള കൂലിയിൽ ചെറുകിട ഉൽപ്പാദകർ, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നിവർ നൽകുന്ന കൂലിയിൽ പ്രാദേശികമായ വ്യത്യാസങ്ങൾ ഉണ്ട്. എന്നിരുന്നാലും താഴെ വിവരിക്കുന്ന രീതിയിൽ ശരാശരി കൂലി കണക്കാക്കാവുന്നതാണ്. നിലവിലുള്ള കൂലി എന്നത് വേജസ് + ഡി.എ + ബോണസ് + ലീവ് വിത്ത് വേജസ് എന്നിവ ചേർന്നതാണ്.

| ഐറ്റം നമ്പർ | നിലവിലുള്ള കൂലി SqFt Rs. | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|
| BC 1 | 11.73 | 10% |
| BC 20 | 10.05 | 10% |
| FM 2 | 34.26 | 10% |
| M2 BV3 | 25.59 | 7 1/2 % |

ഇതുകൂടാതെ. ബോണസ്, ലീവ് വിത്ത് വേജസ് എന്നീ ആനുകൂല്യങ്ങളും ലഭിക്കും. ദിവസക്കൂലിക്കാരുടെ നില വിലുള്ള കൂലിയിൽ 2% വർദ്ധന 9/6/08 മുതൽ താൽക്കാലികമായി വരുത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കൂലി ചുവടെ ചേർക്കുന്നു.

| | |
|---|---|
| Male unskilled | Rs. 144 |
| Male skilled | Rs. 167 |
| Female unskilled | Rs. 120 |
| Female skilled | Rs. 142 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:104 | 26/06/2008 ല്‍ മറുപടിക്ക്

## പരിഷ്കരിച്ച പാഠപുസ്തകങ്ങളിലെ അപാകതകള്‍

| ചോദ്യം<br>ശ്രീ.വി.ഡി.സതീശന്‍:<br>ശ്രീ.കെ.സി.വേണുഗോപാല്‍:<br>ശ്രീ.എ.പി.അനില്‍കുമാര്‍:<br>ശ്രീ.കെ.സുധാകരന്‍: | | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പാഠപുസ്തകങ്ങള്‍ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ പുസ്തകങ്ങളില്‍ ഗുരുതരമായ അപാകതകള്‍ വരുത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | അപാകതകള്‍ ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. |
| (ബി) | എങ്കില്‍ ഇക്കാര്യത്തില്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ബാധകമല്ല |
| (സി) | പാഠപുസ്തക പരിഷ്കരണത്തിനു മുമ്പ് സിലബസ് പ്രസിദ്ധീകരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (സി) | പാഠപുസ്തക പരിഷ്കരണത്തിനു മുമ്പ് സിലബസ് തയ്യാറാക്കിയിട്ടുണ്ട്. 1 മുതല്‍ 12 വരെ ക്ലാസ്സുകളിലേക്കുള്ള സിലബസാണ് തയ്യാറാക്കിയിട്ടുള്ളത്. പാഠപുസ്തകങ്ങള്‍ പരിഷ്കരിക്കുന്ന വേളയില്‍ ഈ സിലബസ് കൂടുതല്‍ ആഴത്തില്‍ പരിശോധിക്കുകയും ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്യാറുണ്ട്. അതുപ്രകാരം 1, 3, 5, 7 ക്ലാസ്സുകളിലെ സിലബസിലും ചില ഭേദഗതി |

| | | | |
|---|---|---|---|
| | | | കൾ വരുത്തിയിട്ടുണ്ട്. മറ്റുക്ലാസുക ളിലെ പാഠപുസ്തകങ്ങൾ തയ്യാറാ ക്കുമ്പോഴും സിലബസിൽ ചില ഭേദ ഗതികൾ വന്നേക്കാം. പാഠ പുസ്തകങ്ങൾക്ക് അനുബന്ധമായി തയ്യാറാക്കുന്ന അധ്യാപകസഹായി കളിലാണ് സിലബസിന്റെ അന്തിമ രൂപം ചേർക്കാറുള്ളത്. ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള അധ്യാപക സഹാ യികളിലെല്ലാം തന്നെ അതാത് ക്ലാസു കളിലെ സിലബസ് ചേർത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനമാക്കിയാണ് പാഠ പുസ്തകങ്ങൾ രചിച്ചിട്ടുള്ളത്. |
| (ഡി) | ഇത്തരത്തിൽ വീഴ്ച വരു ത്തിയവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ; | (ഡി) | ബാധകമല്ല |
| (ഇ) | പല പാഠപുസ്തകങ്ങളിലും ദേശീയനേതാക്കളെ വികല മായി ചിത്രീകരിക്കുന്നതായ വസ്തുത കണക്കിലെടുത്ത് ഈ പാഠഭാഗങ്ങൾ പിൻവലി ക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | പാഠപുസ്തകങ്ങളിൽ ദേശീയനേതാ ക്കളെ വികലമായി ചിത്രീകരിച്ചിട്ടില്ല. |
| (എഫ്) | മതവൈരം വളർത്തുന്ന തര ത്തിലുള്ള പാഠങ്ങൾ പുസ്തക ങ്ങളിൽ നിന്നും നീക്കം ചെയ്യാൻ നിർദ്ദേശം കൊടു ക്കുമോ? | (എഫ്) | മതവൈരം വളർത്തുന്ന തരത്തി ലുള്ള പാഠങ്ങൾ പാഠപുസ്തകങ്ങ ളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 105** **26.06.2008 ൽ മറുപടിക്ക്**

**കയർ മേഖല നവീകരിക്കുവാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. എം. മുരളി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കയർ മേഖല നവീകരിക്കുവാൻ എന്തെല്ലാം പരിപാടികൾ ഉണ്ട്; | 1. ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുനരുദ്ധാരണ പദ്ധതി പ്രകാരം 398 കയർ വ്യവസായ സഹകരണ സംഘങ്ങൾക്കും 32 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും 1982.62 ലക്ഷം രൂപ പ്രവർത്തന മൂലധനമായും സ്ഥിര മൂലധന ആസ്തി ആർജ്ജിക്കുന്നതിനും 2006-07 വർഷം നൽകിയിട്ടുണ്ട്. ഇതിനു പുറമെ 2008-09 വർഷം 400 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിലേക്കായി ഈ പദ്ധതിക്കായി വക കൊള്ളിച്ചിട്ടുണ്ട്.<br>2. ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഫൈബർ ഉൽപാദനത്തിന് നടപടികൾ സ്വീകരിച്ചു.<br>3. കയർഫെഡിന്റെ പുനരുദ്ധാരണത്തിനായി 2007-08 വർഷം 5 കോടി രൂപ അനുവദിച്ചു. 2008-09 വർഷം 2 കോടി രൂപ കൂടി അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>4. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ നവീകരണ പദ്ധതിയായ വിഷൻ 2015 - ന് മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയറ്റുമതിലക്ഷ്യമാക്കി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് കയർ കോമ്പോസിറ്റ് നിർമ്മാണത്തിനു ഫാക്ടറിയും, കയർ കോർപ്പറേഷന്റെ ചുമതലയിൽ ആലപ്പുഴയിൽ സങ്കരയാൺ ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| | 6. കേരള കയറിന് പ്രത്യേക ബ്രാന്റിന്റെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. ബ്രാന്റ് ലോഗോ പ്രകാശനം ചെയ്തു.<br>7. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ 350- ഓളം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിൽപനക്ക് നടപടി സ്വീകരിച്ചു കഴിഞ്ഞു.<br>8. കയർ രംഗത്തെ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിനാവശ്യമായ ലാബ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ പൂർത്തിയാക്കുന്നതിന് ധനസഹായം നൽകുകയും ചെയ്തു.<br>9. കയർ ജിയോ ടെക്സ്റ്റൈയിൽസ് മേഖല ശക്തിപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(ബി) കയർ വ്യവസായത്തിന്റെ സമഗ്ര വികസനത്തെപ്പറ്റി പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനും ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ;** | (ബി) ഉണ്ട്.കേരളത്തിലെ കയർമേഖലയുടെ സമഗ്രമായ പുനഃസംഘടനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 19.7.2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 99/07/വ്യവ. പ്രകാരം ശ്രീ.ആനത്തലവട്ടം ആനന്ദൻ എം.എൽ.എ ചെയർമാനായി കയർ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| **(സി) പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;** | (സി)<br>1. ശ്രീ.ആനത്തലവട്ടം ആനന്ദൻ എം.എൽ.എ - ചെയർമാൻ<br>2. ഡോ.വി.നന്ദമോഹൻ ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, കേരള സർവ്വകലാശാല-കൺവീനർ<br>3. ശ്രീ.എൻ.കെ.മോഹനൻ -കയർ വികസന ഡയറക്ടർ<br>4. ശ്രീ.വി.ആർ.പ്രസാദ് - ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് , ചേർത്തല<br>5. ശ്രീ.വി.സുഗുണേന്ദ്രൻ - കേരള ബേയിലേഴ്സ്, ആലപ്പുഴ<br>6. ശ്രീ.പി.ആർ.ലൂയിസ്-ഡയറക്ടർ,എൻ.സി.ആർ.എം.ഐ<br>7. ശ്രീ.എം.കുമാരരാജ - സെക്രട്ടറി, കയർബോർഡ്<br>8. ശ്രീ.എസ്.സുരേഷ് - ജോയിന്റ് ഡയറക്ടർ, വ്യവസായ വകുപ്പ് |

| | |
|---|---|
| | 9. ശ്രീ.വി.ശശി - തിരുവനന്തപുരം<br>10. ശ്രീ.വി.എസ്.മണി - പ്രസിഡന്റ്, സി.ഐ.ടി.യു. ആലപ്പുഴ<br>11. ഡോ.എൻ.അജിത്കുമാർ - സെന്റർ ഫോർ സോഷ്യോഇക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ്, എറണാകുളം.<br>12. ശ്രീ.പി.തിലോത്തമൻ, എം.എൽ.എ<br>13. ശ്രീ.എം.കെ.അബ്ദുൾ ഗഫൂർ ഹാജി (മുൻ പ്രസിഡന്റ് കയർഫെഡ്, ആലപ്പുഴ)<br>14. ശ്രീ.എ.എം.സാലി, കരുനാഗപ്പള്ളി.<br><br>(ഇതിൽ ശ്രീ.എൻ.കെ.മോഹനൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്) |
| (ഡി)സമിതിയുടെ റിപ്പോർട്ട് ലഭിച്ചിരുന്നോ ? ഇല്ലെങ്കിൽ എന്നേയ്ക്ക് ലഭിക്കുമെന്ന് വ്യക്ത മാക്കുമോ ? | (ഡി)കയർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് 2008 ആഗസ്റ്റിൽ സർക്കാറിന് സമർപ്പിക്കുമെന്ന് കയർ കമ്മിഷൻ അറിയിച്ചിട്ടുണ്ട്.<br><br>ഗുരുദാസൻ |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106 | 26.6.08 ൽ മറുപടിക്ക്.

## കേന്ദ്ര സർവ്വകലാശാലകൾ കേരളത്തിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ.എം. ഉമ്മർ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പതിനൊന്നാം പദ്ധതിക്കാലത്ത് രാജ്യാന്തര നിലവാരമുള്ള 14 സർവ്വകലാശാലകളടക്കം 30 സർവ്വകലാശാലകൾ തുടങ്ങുന്നതിന് വിപുലമായ പദ്ധതിക്ക് യു.ജി.സി. തുടക്കമിട്ട സാഹചര്യത്തിൽ കേരളത്തിൽ ഇത്തരം സ്ഥാപനങ്ങൾ അനുവദിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മലബാർ മേഖലയിൽ ഒരു കേന്ദ്ര സർവ്വകലാശാലയും, കൊച്ചി ആസ്ഥാനമാക്കി ലോകനിലവാരമുള്ള ഒരു കേന്ദ്ര സർവ്വകലാശാലയും സ്ഥാപിച്ചു കിട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കൊച്ചിയിലും മലബാറിലും ഓരോ രാജ്യാന്തര നിലവാരത്തിലുള്ള സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര നിർദ്ദേശമുള്ളതായി അറിവ് ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അലിഗഡ് സർവ്വകലാശാലയുടെ ഉപകേന്ദ്രം മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ട സ്ഥിതിക്ക് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:107 26/06/2008 ൽ മറുപടിയ്ക്ക്

## കാര്യക്ഷമതാ വർഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.സി.എം.ദിനേശ് മണി:<br>ശ്രീ.പി.ജയരാജൻ:<br>ശ്രീ.കെ.കുഞ്ഞിരാമൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ അക്കാദമിക് വർഷം കാര്യക്ഷമതാവർഷമായി പ്രഖ്യാപിച്ചതിനെ തുടർന്ന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എ, എസ്.സി.ഇ.ആർ.ടി, ഡി.പി.ഐ എന്നിവർ ഒരു കാര്യക്ഷമതാ വർഷ കലണ്ടർ തയ്യാറാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കി. ആഗസ്റ്റ്, ഡിസംബർ ഒഴിച്ചുള്ള എല്ലാ മാസവും ക്ലസ്റ്റർ പരിശീലന പരിപാടി നടപ്പിലാക്കി. എല്ലാ ജില്ലയിലും ഡി.ഡി, ഡയറ്റ് എസ്.എസ്.എ എന്നിവർ എല്ലാ മാസവും യോഗം കൂടി യോജിച്ച പ്രവർത്തനം നടത്തുകയും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. ഒ.എസ്.എസ്. പ്രവർത്തനം കാര്യക്ഷമമാക്കി. ക്യൂ.ഇ.പി.ആർ സ്കൂളുകൾക്ക് ഉച്ചഭക്ഷണ പരിപാടി, പകരം അദ്ധ്യാപകരെ നിയമിക്കൽ എന്നിവയ്ക്ക് ഫണ്ട് നൽകി. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് പ്രവർത്തനം ശക്തമാക്കി. അയൽപക്ക പഠന കൂട്ടങ്ങൾ ഊർജ്ജിതമാക്കി. രാത്രികാല ക്ലാസ്സുകൾ നടത്തി. "പുലരി" പോലുള്ള ജില്ലാ സ്പെസിഫിക് പരിപാടികൾ നടപ്പിലാക്കി. ജില്ലാ പഞ്ചായത്തുകൾ കാര്യക്ഷമതാ വർഷത്തിന്റെ ഭാഗമായി "വിജയ സോപാനം" തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി. |

| | |
|---|---|
| (ബി) ഈ പദ്ധതികൾമൂലം സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) കുട്ടികളുടെ ഗുണനിലവാരത്തിൽ പ്രകടമായ മാറ്റമുണ്ടായി. ഈ പദ്ധതികളുടെ ഭാഗമായി അദ്ധ്യാപകരുടെ സാമൂഹ്യ പ്രതിബദ്ധത വർദ്ധിച്ചു. സ്കൂളുകൾ തമ്മിൽ വിദ്യാഭ്യാസ രംഗത്ത് ആരോഗ്യകരമായ മത്സരം നടന്നു. പുതിയ പാഠ്യപദ്ധതിയെക്കുറിച്ച് രക്ഷകർത്താക്കൾക്ക് മതിപ്പുണ്ടായി. പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടു. അതിഫലമായി എസ്.എസ്.എൽ.സി റിസൽട്ട് ഗണ്യമായി വർദ്ധിച്ചു. പൊതുവിദ്യാഭ്യാസ രംഗത്ത് അധ്യാപകർ, രക്ഷാകർത്താക്കൾ, നാട്ടുകാർ എന്നിവരുടെ കൂട്ടായ്മ രൂപപ്പെട്ടു. നേതൃപരമായ പങ്ക് വഹിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. എം.എൽ.എ മാർ എം.പി മാർ എന്നിവരും വിദ്യാഭ്യാസ പദ്ധതി രൂപീകരിച്ച് നടപ്പാക്കുന്നതിൽ താത്പര്യം കാട്ടി. |
| (സി) അദ്ധ്യാപക പരിശീലനത്തിനായി ആവിഷ്കരിച്ച പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിലെ ഉയർന്ന വിജയശതമാനം വെളിവാക്കുന്ന വസ്തുതകൾ എന്തെല്ലാണ്; | (സി) ക്ലസ്റ്റർ പരിശീലനം പ്രൈമറി തലത്തിലും, എച്ച്.എസ്.തലത്തിലും കാര്യക്ഷമമാക്കി. പരിശീലനത്തിനുള്ള മൊഡ്യൂൾ മുൻകൂട്ടി തയ്യാറാക്കുകയും പരിശീലനത്തിനുമുമ്പ് പ്ലാനിംഗ് നടത്തുകയും ചെയ്തു. എസ്.ആർ.ജി, ഡി.ആർ.ജി.പരിശീലനങ്ങൾ മുൻകൂട്ടി നടത്തിയാണ് മൊഡ്യൂൾ തയ്യാറാക്കിയത്. പൊതുവിദ്യാലയങ്ങളിൽ രക്ഷാകർത്താക്കൾക്ക് വിശ്വാസം വർദ്ധിച്ചു. സ്കൂളുകൾ മെച്ചപ്പെട്ട റിസൾട്ടിനുവേണ്ടി ആരോഗ്യകരമായ മത്സരങ്ങൾ നടത്തി. അദ്ധ്യാപകർ കൂടുതൽ ഊർജ്ജസ്വലരായി. പൊതുവിദ്യാലയങ്ങൾ കൂടുതൽ മെച്ചപ്പെടുമെന്നും അതുവഴി നല്ല റിസൾട്ടുണ്ടാക്കാൻ കഴിയുമെന്നുമാണ് എസ്.എസ്.എൽ.സി പരീക്ഷയിലെ ഉയർന്ന റിസൾട്ട് വെളിവാക്കുന്ന വസ്തുതകൾ. |
| (ഡി) എസ്.എസ്.എൽ.സി.പരീക്ഷയിൽ പിന്നോക്കം നിന്നിരുന്ന സ്കൂളുകളുടെ പഠന | (ഡി) റിസൾട്ടിൽ പിന്നോക്കം നിന്നിരുന്ന സ്കൂളുകളിൽ ധാരാളം അക്കാദമിയ പ്രവർ |

| | |
|---|---|
| നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ത്തനങ്ങൾ നടത്തി. അത്തരം സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ പ്രത്യേക ശിൽപ്പശാല, അധ്യാപകരുടെ മീറ്റിംഗ്, ഒ.എസ്.എസ്-ൽ പ്രത്യേക ഊന്നൽ, സബ്ജക്റ്റ് കൗൺസിൽ ശക്തമാക്കൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, ലോക്കൽ റിസോഴ്സ് പ്രയോജനപ്പെടുത്തൽ എന്നീ കാര്യങ്ങൾ നടത്തി. സ്കൂൾ ടൈംടേബിളിൽ മാറ്റം വരുത്തി. രാത്രികാല ക്ലാസ്സുകൾ നടത്തി. ഇത്തരം സ്കൂളുകളിൽ ഉച്ചഭക്ഷണം, 10-ാം ക്ലാസ്സ് വരെ നൽകി. ഡി.ആർ.ജിമാർക്ക് പകരം അധ്യാപകരെ നിയമിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർ ഇത്തരം സ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനം വിലയിരുത്തി. ജില്ലാ പഞ്ചായത്തുകൾ പ്രത്യേകമായി മേൽനോട്ടം നടത്തി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 108 | 26.6.2008 ൽ മറുപടിക്ക്

## ആനപാപ്പാന്മാർക്ക് പരിശീലനം നൽകുന്നതിനായി സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു. എം പാലിശ്ശേരി<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീ. ബിനോയ് വിശ്വം<br>(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ആനകൾ ഇടയുകയും ആളുകൾ കൊല്ലപ്പെടുകയും നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്യുന്ന സംഭവങ്ങൾ അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഈ വർഷം ഇതുവരെ വിവിധ ജില്ലകളിലായി ആനയിടഞ്ഞ 21 സംഭവങ്ങളും, പാപ്പാന്മാരെ/ പൊതുജനങ്ങളെ കൊലപ്പെടുത്തിയ 11 സംഭവങ്ങളും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) കേരള നാട്ടാന പരിപാലന ചട്ടം കർശനമായി നടപ്പിലാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട വനം, റവന്യൂ, പോലീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.<br>• ഉത്സവ പറമ്പുകളിലും, മറ്റു ആഘോഷങ്ങളിലും ആനകളെ പങ്കെടുപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് ആന ഉടമസ്ഥർ, ആനക്ഷേമ പ്രവർത്തകർ, ദേവസ്വം ബോർഡിന്റെ പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി കൂട്ടായ ആശയവിനിമയം നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട് |

---

- ഈ വിഷയത്തിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി വിശദമായ സർക്കുലർ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. പോലീസ് അധികൃതർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- ഉത്സവ സംഘാടകർ, ആന ഉടമസ്ഥർ, ആന പരിപാലകർ എന്നിവരെ ബോധവർക്കരിക്കുന്നതിനും പൊതുജന ശ്രദ്ധ ആകർഷിക്കുന്നതിനുമായി പത്രക്കുറിപ്പുകൾ നൽകിയിട്ടുണ്ട്.
- പാപ്പാന്മാർക്ക് ഗജപരിപാലനത്തിൽ വിദഗ്ദ്ധവും ശാസ്ത്രീയവുമായ പരിശീലനം നൽകി വരുന്നു.
- പ്രായമായ ആനകളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും സർക്കാർ തയ്യാറാക്കുന്നുണ്ട്.

(സി) ആനകളെ പിഡിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാമോ; ആനപാപ്പാന്മാർക്ക് പരിശീലനം നൽകുന്നതിനായി സഹായം നൽകുന്നുണ്ടോ?

(സി) 2003 മുതൽ നിലവിലുള്ള നട്ടാന പരിപാലന ചട്ടം അനുശാസിക്കുന്നവിധം ആനകളെ പിഡിപ്പിക്കുന്നത് തടയുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നാട്ടാനകളെ പരിപാലിക്കുന്നതിനാവശ്യമായ ശാസ്ത്രീയ പരിശീലനം ആനപാപ്പാന്മാർക്ക് വനം വകുപ്പിന്റെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്.

(ഡി) ഉത്സവത്തിനും മറ്റും ആനകളെ എഴുന്നള്ളിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്; ഇത് പാലിക്കപ്പെടുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

(ഡി) 2003ലെ കേരളത്തിലെ നാട്ടാനകളുടെ (നടത്തിപ്പും പരിപാലനവും) സംബന്ധിച്ച ചട്ടങ്ങൾ പ്രകാരവും റവന്യൂ, പോലീസ് ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെയും ആന ഉടമസ്ഥർ, ആനക്ഷേമ പ്രവർത്തകർ മറ്റു ബന്ധപ്പെട്ടവർ മറ്റു ബന്ധപ്പെട്ടവർ എന്നിവരുമായുള്ള കൂടിയാലോചനയുടേയും അടിസ്ഥാനത്തിൽ
ഈ വിഷയത്തിൽ വിശദമായ

നിയന്ത്രണങ്ങളും, നടപടിക്രമങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഉത്സവങ്ങളിൽ പങ്കെടുക്കുന്ന ആനകൾക്ക് അംഗീകൃത മൃഗഡോക്ടറിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ആനകൾക്ക് ആവശ്യമായത്ര ആഹാരം, വെള്ളം, വിശ്രമം, വിദഗ്ദ്ധ മൃഗഡോക്ടർമാരുടെ സേവനം എന്നിവ ഉറപ്പു വരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആനകളെ തിടമ്പേറ്റി എഴുന്നള്ളിക്കുന്ന സമയക്രമം, കാൽനടയായി നടത്തിക്കൊണ്ടു പോകാവുന്ന ദൂരം എന്നിവയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 'മദ' ലക്ഷണങ്ങളുള്ള ആനകളെ എഴുന്നള്ളിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

മേൽ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 109 — 26-6-2008-ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് - മെഡിക്കൽ കോളേജുകളിലെ പ്രവേശനവും ഫീസും.

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. സുധാകരൻ എം.എൽ.എ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. | | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) | ഈ വർഷത്തെ ഫീസ്, പ്രവേശനം എന്നിവ സംബന്ധിച്ച് എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഗവൺമെന്റുമായി ധാരണയായി; അവ ഏതെല്ലാം; | (എ) & (ബി) | വിവരം ലഭ്യമല്ല. |
| (ബി) | ഗവൺമെന്റുമായി ധാരണയാകാത്ത സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതെല്ലാമാണ്; | | |
| (സി) | ഗവൺമെന്റുമായി ധാരണയാകാത്ത സ്വാശ്രയ മെഡിക്കൽ കോളേജുകൾ എത്ര വിദ്യാർത്ഥികളെ ഈ വർഷം സൗജന്യമായോ, മാനേജ്മെന്റ് വക സ്കോളർഷിപ്പോടു കൂടിയോ പഠിപ്പിക്കുന്നുണ്ട്; | (സി) & (ഡി) | വിവരം ലഭ്യമല്ല. |
| (ഡി) | ഗവൺമെന്റുമായി ധാരണയായ സ്വാശ്രയ എൻജിനീയറിംഗ്, മെഡിക്കൽ കോളേജുകൾ ഈ വർഷം എത്രകുട്ടികളെ വീതം സൗജന്യമായോ മാനേജ്മെന്റ് വക സ്കോളർഷിപ്പോടുകൂടിയോ പഠിപ്പിക്കുന്നുണ്ട്; | | |
| (ഇ) | ഗവൺമെന്റുമായി കഴിഞ്ഞ വർഷം ധാരണയിലെത്തിയ സ്വാശ്രയ എൻജിനീയറിംഗ് - മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ ധാരണയിലെത്തിയ ഫീസിനേക്കാൾ കൂടുതൽ ഫീസ് വാങ്ങിയിട്ടുണ്ടോ; | (ഇ) & (എഫ്) | 2007 - 08 വർഷത്തിൽ അധിക ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതി സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ; എങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 110 26/6/2008 -ൽ മറുപടിക്ക്

**മയക്കുമരുന്ന് വിപത്തുകളെക്കുറിച്ച് ബോധവൽക്കരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.എം.എ.ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) മദ്യം, മയക്കുമരുന്ന് തുടങ്ങിയ മാരകമായ വിപത്തുകളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് സാംസ്കാരിക വകുപ്പിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) ഇല്ല |
| ബി) കാമ്പസുകളിൽ ലഹരിമരുന്നുകളുടെ ഉപയോഗം കർശനമായി തടയുന്നതിന് സാംസ്കാരിക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) സാംസ്കാരിക വകുപ്പിൽ നടപടികളൊന്നും ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.111 — 26.06.2008 ൽ മറുപടിയ്ക്ക്

## തുടർവിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ.ടി.ജലീൽ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ എസ് സലീഖ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) തുടർ സാക്ഷരതാ മിഷൻ ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; | എ) അടിസ്ഥാന സാക്ഷരതാ പദ്ധതി, തുല്യതാ പരിപാടി. വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണമേന്മവർദ്ധക പരിപാടികൾ, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി എന്നിവയാണ് സാക്ഷരതാമിഷൻ ഇപ്പോൾ നടത്തി വരുന്ന പ്രധാന പദ്ധതികൾ |
| ബി) അനൗപചാരിക പഠനകോഴ്സുകളിലൂടെ തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിയിൽ പ്രതിവർഷം എത്രപേർ പങ്കെടുക്കുന്നുണ്ട് ; | ബി) തുല്യതാ നാലാംതരം, ഏഴാം തരം പത്താംതരം എ ലെവൽ എന്നിങ്ങനെ മൂന്ന് തലത്തിലുള്ള കോഴ്സുകളാണ്നടത്തുന്നത്. ഈ കോഴ്സുകളിൽ പങ്കെടുക്കുന്നവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | സി) സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന് ശേഷം പ്രത്യേക പദ്ധതിയൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ സാക്ഷരതാ മിഷന്റെ |

| | | | |
|---|---|---|---|
| | | | ദൈനംദിന പ്രവർത്തനത്തിന്റെ ഫലമായി 3,50,216 പേരെ സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 60 വയസ്സുവരെയുള്ള എല്ലാ നിരക്ഷരർക്കും നാലാം ക്ലാസ്സ് തുല്യതാ വിദ്യാഭ്യാസം നൽകുന്നതിനായി സമ്പൂർണ്ണ തുല്യതാ പരിപാടി സംസ്ഥാനമാകെ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| ഡി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര നിരക്ഷരരുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ; | ഡി) | 2001 ലെ കാനേഷുമാരി കണക്കനുസരിച്ച് സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ 9.08 % നിരക്ഷരർ അവശേഷിക്കുന്നു. |
| ഇ) | തുടർ വിദ്യാഭ്യാസം മുടങ്ങാതെ നടത്താൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; തുടർവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഇ) | ഇല്ല. തുടർവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ശ്രീമതി.ശൈലജ ടീച്ചർ എം.എൽ.എ അദ്ധ്യക്ഷയായി നിയോഗിച്ചിരുന്ന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

തുല്യതാ പരിപാടിയിൽ പങ്കെടുത്തവരുടെ വിവരം

| വർഷം | നാലാം തരം | ഏഴാം തരം | പത്താം തരം |
|---|---|---|---|
| 2000-01 | 2600 | ---- | ---- |
| 2001-02 | ---- | ---- | ---- |
| 2002-03 | 13200 | ---- | ---- |
| 2003-04 | 12505 | ---- | ---- |
| 2004-05 | ---- | 18834 | ---- |
| 2005-06 | ---- | ---- | ---- |
| 2006-07 | 18046 | 10928 | 2640 |
| 2007-08 | 10387 | 9000 | 12710 |

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 112 — 26.06.2008 -ന് മറുപടിയ്ക്ക്

# 'എന്റെ മരം' പദ്ധതി

**ചോദ്യം**

ശ്രീ. കെ. രാജു
ശ്രീ. എൻ. രാജൻ
ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. എൻ. അനിരുദ്ധൻ.

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) 'എന്റെ മരം' പദ്ധതി ആരംഭിച്ചതെന്നാണ്; ഇതിനകം ഈ പദ്ധതി പ്രകാരം എത്ര വൃക്ഷ തൈകൾ വച്ചുപിടിപ്പി ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ എന്റെ മരം പദ്ധതി 2007-ൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് തുടക്കം കുറിച്ചു. ഈ പദ്ധതിയിലൂടെ 2007-08-ൽ 24.35 ലക്ഷം വിവിധയിനം വൃക്ഷതൈകളാണ് നട്ടുപിടിപ്പിച്ചി ട്ടുള്ളത്. 2008-09 അദ്ധ്യയന വർഷത്തിൽ 4-ാം ക്ലാസ്സിൽനിന്നും 5-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് 4,99,952 വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഇതിനകം എത്ര വിദ്യാർത്ഥികൾ പങ്കാളികളായി ; അവർ ഈ പദ്ധതിയിൻകീഴിൽ എത്ര വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള ഒരു വിദ്യാർത്ഥിക്ക് / വിദ്യാർത്ഥിനിക്ക് ഒരു വൃക്ഷതൈ എന്ന തോതിലാണ് തൈകൾ വിതരണംചെയ്തത്. ഇതു പ്രകാരം വച്ചുപിടിപ്പിച്ച തൈകളുടെയും പങ്കെടുത്ത വിദ്യാർത്ഥി / വിദ്യാർത്ഥിനികളുടെയും സംഖ്യ താഴെ കൊടുക്കുന്നു.

| വർഷം | പങ്കെടുത്ത വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾ | നട്ടുപിടിപ്പിച്ച തൈകളുടെ എണ്ണം |
|---|---|---|
| 2007-08 | 24,35,307 | 24,35,307 |
| 2008-09 | 4,99,952 | 4,99,952 |
| **ആകെ** | **29,35,259** | **29,35,259** |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (സി) | 2008-09ലെ ബഹു: ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ എന്റെ മരം പദ്ധതി സ്ഥിരമായ ഒരു വാർഷിക പരിപാടിയായി തുടരാനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം ഈ പദ്ധതി വരുംവർഷങ്ങളിലും തുടരാനാണ് ഉദ്ദേശിക്കുന്നത്. 'എന്റെ മരം' പദ്ധതിയോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച 'എന്റെ മരം വർണ്ണോത്സവം' എന്ന പരിപാടിയിലൂടെ ചിത്രരചനാ പാടവം പ്രകടിപ്പി ക്കാനും കൂടുതൽ അവബോധം സൃഷ്ടിക്കാനും വേദിയൊരുക്കി.<br>'എന്റെ മരം' പദ്ധതിയുടെ കഴിഞ്ഞവർഷത്തെ വൻ വിജയം ഈ വർഷം കോളേജ് വിദ്യാർത്ഥികളുടെ വൃക്ഷവൽക്കരണ പദ്ധതിയായ 'നമ്മുടെ മരം' പദ്ധതി രൂപീകരിക്കുന്നതിന് പ്രചോദനമായിട്ടുണ്ട്. നമ്മുടെ മരം പദ്ധതി 2008 ജൂൺ 10-ാം തീയതി ബഹു: മുഖ്യ മന്ത്രി തുടക്കം കുറിച്ചു. 2323 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതരത്തിലുള്ള 555613 വൃക്ഷത്തൈകൾ കോളേജ് ക്യാമ്പസുക ളിലും ചുറ്റിലുമുള്ള സ്ഥലങ്ങളിലും നട്ടുപിടിപ്പിക്കുന്ന തിനായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:113 — 26/08/2008 ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.പി.ടി.എ.റഹീം: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ: | (എ) ഹൈസ്കൂൾ ക്ലാസുകളിൽ ഐ.ടി.അധിഷ്ഠിത പഠനം വ്യാപകമാക്കുന്നതിന് മുന്നോടിയായി, ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളുടെ പഠനത്തിന് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഫിനിക്സ്, Dr.ജിയോ എന്നീ സോഫ്റ്റ്‌വെയറുകളുപയോഗപ്പെടുത്തി ക്ലാസ്റൂം പഠനം കാര്യക്ഷമമാക്കുന്നതിനായി നടത്തിയ ട്രൈ ഔട്ട് വിജയകരമായതിനാൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്താനും മറ്റുവിഷയങ്ങൾക്കുകൂടി സഹായകരമാകുന്ന രീതിയിൽ കൂടുതൽ ഉള്ളടക്കം തയാറാക്കാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>യു.പി തലത്തിൽ ശാസ്ത്ര-മാനവിക വിഷയങ്ങളുടെ പഠനം ഐ.ടി അധിഷ്ഠിതമാക്കുക-യെന്ന ലക്ഷ്യത്തോടെ ഓരോ വിദ്യാഭ്യാസ ജില്ലയിലെയും തെരഞ്ഞെടുത്ത ഓരോ വിദ്യാലയത്തിൽ ട്രൈഔട്ട് നടത്തുകയുണ്ടായി.<br>യു.പി.റോൾഔട്ട് എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതി സ്വതന്ത്ര സോഫ്റ്റ് വെയറിലധിഷ്ഠിതമായ പഠന വിഭവ സി.ഡി. ഉപയോഗപ്പെടുത്തിയാണ് നടപ്പിലാക്കിയത്. ഇതിനായി |

| | |
|---|---|
| | പ്രസ്തുത വിദ്യാലയങ്ങളിലെ അധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം നൽകി. പദ്ധതി ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ അദ്ധ്യയന വർഷത്തോടെ മുഴുവൻ ഹൈസ്കൂളുകളിലും ഇപ്രകാരം ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നിലവിൽ വരും.<br>വിദ്യാഭ്യാസ വകുപ്പിന്റെ വിക്ടേഴ്സ് ചാനലിലൂടെ പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള വിദ്യാർത്ഥികൾക്ക് നിലവിലുള്ള കരിക്കുലവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പരിപാടികൾ, എസ്.എസ്.എൽ.സി, +2 ഉൾപ്പെടെയുള്ള പൊതു പരീക്ഷാ മാർഗ്ഗനിർദ്ദേശ ക്ലാസുകൾ തുടങ്ങിയവ സംപ്രേക്ഷണം ചെയ്തു വരുന്നു. പ്രാദേശിക കേബിൾ ശൃംഖലകളുടെ സഹായത്തോടെ സംസ്ഥാനത്തെ 70% പ്രദേശങ്ങളിൽ ഇപ്പോൾ ഈ ചാനലിലൂടെയുള്ള പരിപാടികൾ ലഭ്യമാണ്. |
| (ബി) ഐ,ടി. @ സ്കൂൾ പ്രോജക്ടിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) ഐ.ടി @ സ്കൂളിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1) സ്കൂളുകളിലെ ഐ.ടി.പ്രായോഗിക പരീക്ഷ നടത്തൽ, അധ്യാപക പരിശീലനം, സഹായക സംവിധാനം.<br>2) ICT in school Scheme-നു കീഴിൽ സ്കൂളുകൾക്കാവശ്യമായ ഹാർഡ്‌വേർ, സോഫ്റ്റ്‌വേർ, ഭൗതിക സൗകര്യം എന്നിവ ലഭ്യമാക്കൽ (സ്കൂൾ പ്ലാനനുസരിച്ച്)<br>3) എഡ്യൂസാറ്റ് ഇന്ററാക്ടീവ് ടെർമിനലുകളുടെ പരിപാലനം<br>4) "വിക്ടേഴ്സ്" ചാനലിനാവശ്യമായ ഉള്ളടക്ക ശേഖരണം, നിർമ്മാണം, സംപ്രേക്ഷണം, പ്രാദേശിക കേബിൾ ശൃംഖലയിലൂടെ "വിക്ടേഴ്സ്" ലഭ്യമാക്കൽ.<br>5) സ്കൂളുകളിലേയ്ക്ക് ഹാർഡ്‌വെയർ |

⇒

വിന്യാസത്തിനുള്ള സാങ്കേതിക സഹായം ഐ.ടി.സർവ്വേ

6) ഐ.ടി.മേളയുടെ നടത്തിപ്പ്, ഐ.ടി.അവാർഡ് വിതരണം.
7) ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ
   - ഉച്ചഭക്ഷണപരിപാടി കമ്പ്യൂട്ടറൈസ് ചെയ്യൽ (പാലക്കാട്, കോഴിക്കോട്)
   - സർവ്വീസ് വിശദാംശങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം (SPARK)
   - ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനവും സ്ഥലം മാറ്റവും കമ്പ്യൂട്ടർവൽക്കരിക്കൽ
   - ടെക്സ്റ്റ് ബുക്ക് വിതരണ പ്രക്രിയയുടെ കമ്പ്യൂട്ടർവൽക്കരണം
   - ലൈബ്രറി പുസ്തക വിതരണം കമ്പ്യൂട്ടർവൽക്കരണം
8) "വിക്ടേഴ്സ്" ചാനലിന് പുതിയ സ്റ്റുഡിയോയുടെ നിർമ്മാണം.
9) യു.പി.ക്ലാസുകളിലേയ്ക്കുള്ള ഐ.ടി.അധിഷ്ഠിത പഠനത്തിന്റെ ട്രൈഔട്ട് (35 സ്കൂളുകളിൽ)
10) ഹൈസ്കൂൾ ക്ലാസുകളിൽ മാത്തമാറ്റിക്സ്, ഫിസിക്സ് വിഷയങ്ങളിലുള്ള ഐ.ടി എനേബിൾഡ് ട്രൈഔട്ട്.
11) ഹൈസ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ.
12) ജില്ലാതല സഹായക സംവിധാനം
   - സജ്ജീകരിച്ച ഡി.ആർ.സികൾ ഓരോ ജില്ലയിലും.
   - കെൽട്രോണുമായി ചേർന്ന് സ്കൂൾ ലാബ് മെയിന്റനൻസിന് പ്രത്യേക പരിപാടി
   - ഡി.ഡി.ഇ, ഡി.ഇ.ഒ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും, അധ്യാപകർക്കും കമ്പ്യൂട്ടർ പരിശീലനം

| | |
|---|---|
| | • ഡി.പി.ഐ, ഡി.ഡി.ഇ, ഡി.ഇ.ഒ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം, നെറ്റ് വർക്കിംഗ് ശൃംഖല.<br>13) ഹയർസെക്കന്ററി സെന്ട്രലൈസ്ഡ് അഡ്മിഷനുള്ള ഏകജാലക സംവിധാനത്തിനാവശ്യമായ സാങ്കേതിക സഹായം. |
| (സി) സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (സി) 433 ഗവൺമെന്റ് സ്കൂളുകളിലും 292 എയിഡഡ് സ്കൂളുകളിലും 10 അൺ എയിഡഡ് സ്കൂളുകളിലും ബ്രോഡ്ബാൻഡ് കണക്ഷൻ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള സ്കൂളുകളിലേയ്ക്ക് ബ്രോഡ്ബാന്റ് കണക്ഷൻ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ബ്രോഡ്ബാന്റ് ലഭ്യമാകാത്ത സ്കൂളുകളിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പൂർത്തിയാക്കിവരികയാണ്. |
| (ഡി) കമ്പ്യൂട്ടർ വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്? | (ഡി) "ICT in School" പദ്ധതിപ്രകാരം ഐ.ടി. @ സ്കൂൾ പ്രോജക്റ്റിന് കേന്ദ്രസർക്കാർ 50.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഒന്നാം ഗഡുവായ 10.16 കോടി രൂപ ലഭിക്കുകയും അത് ചെലവാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി 1016 സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകുകയുണ്ടായി. രണ്ടാം ഗഡുവായ 10.16 കോടി രൂപ ലഭിക്കുവാനുള്ള പ്രാരംഭ നടപടികൾ എടുത്തുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട<br>നിയമസഭാ ചോദ്യം നം. 114

26-6-2008 - ൽ<br>മറുപടിയ്ക്ക്

പ്രൊഫഷണൽ കോളേജ് പ്രവേശനത്തിനുള്ള മാർഗ്ഗ നിർദ്ദേശം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. കെ.വി.തോമസ്.എം.എൽ.എ | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2008 - 09 - ൽ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞോ; | (എ) | ഇല്ല. അതേസമയം സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ അമ്പതു ശതമാനം സീറ്റിൽ മെരിറ്റും സാമൂഹിക നീതിയും താങ്ങാവുന്ന ഫീസും ഉറപ്പാക്കുക എന്ന പൊതു സമീപനമാണ് ഗവൺമെന്റ് പിൻതുടരുന്നത്. |
| (ബി) | എന്തു നടപടികളാണ് പ്രവേശനത്തിന് സർക്കാർ എടുക്കുന്നത്? | (ബി) | സാമൂഹ്യനീതി ഉറപ്പുവരുത്തി പരമാവധി കുട്ടികൾക്ക് മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഈ നിലപാടുമായി സഹകരിക്കാൻ തയ്യാറായിട്ടുള്ള സാമൂഹിക പ്രതിബദ്ധതയുള്ള മാനേജ്മെന്റുകളുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ന്യായമായ ഫീസ് നൽകി പഠനം നടത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 115 — 26.06.2008 ൽ മറുപടിക്ക്

### കയർ മേഖലയുടെ അഭിവൃദ്ധിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.ബി.രാഘവൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർമേഖലയുടെ അഭിവൃദ്ധിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ)<br>1. കയറിനും കയർ ഉൽപ്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും, തൽഫലമായി കയർ തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്നതിനും ഇടനിലക്കാരുടെയും ഡിപ്പോകളുടെയും ചൂഷണത്തിൽ നിന്ന് കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉൽപ്പാദകരേയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. ജീവനക്ഷമമായ കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുനരുദ്ധാരണ പദ്ധതി പ്രകാരം 1982.67 ലക്ഷം രൂപ നാളിതുവരെ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.<br>3. സംസ്ഥാനത്തെ 565 കയർ |

വ്യവസായ സഹകരണ സംഘങ്ങളുടെ 31/3/06 വരെയുള്ള സർക്കാർ വായ്പ ഷെയറാക്കി മാറ്റുന്നതു വഴി 50 ലക്ഷംരൂപയുടെ പ്രയോജനം ലഭിക്കും

4. ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ്മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി.
5. കയർഫെഡിന്റെ പുനരുദ്ധാരണത്തിനായി 2007-08 വർഷം 500 ലക്ഷം രൂപ അനുവദിച്ചു.
6. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
7. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ന്റെ ആഭിമുഖ്യത്തിൽകയർ കോമ്പോസിറ്റ് നിർമ്മാണത്തിനുള്ള ഫാക്ടറിയുംകേരളസ്റ്റേറ്റ്കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ജൂട്ട് ബ്ലെന്റഡ് യാൺഫാക്ടറിയുംആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
8. കയർ ബ്രാന്റ് ലോഗോ പ്രകാശനം നടത്തി. ബ്രാന്റ്ലോഗോ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.
9. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

| | |
|---|---|
| | 1000 വിൽപ്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>10. പൊതുമേഖലാസ്ഥാപനങ്ങളുടെയും നാഷണൽ കയർ റിസർച്ച് &മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ കയർ ഷോപ്പെകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>11. കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും ശേഖരിക്കുന്നതിനായി ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>12. Coir Geotextiles ന്റെ പ്രചരണത്തിന്റെ ഭാഗമായി ഏകദിന ശില്പശാല 3/6/08 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി.) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ; | (ബി) കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 430 കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക 1982.69 ലക്ഷം രൂപ പ്രവർത്തന മൂലധനമായും സ്ഥിര മൂലധനമായും അനുവദിച്ചിട്ടുണ്ട്. സംഘങ്ങളുടെ സർക്കാർ വായ്പ്പയും പലിശയും NCDC വായ്പ്പയും ഷെയറാക്കിമാറ്റി. |
| (സി) കയർ തൊഴിലാളികൾക്ക് പെൻഷൻ തുക പൂർണ്ണമായും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; | (സി) മുൻസർക്കാർ കുടിശികയാക്കിയ 32 മാസത്തെ പെൻഷൻ അടക്കം മാർച്ച് 2008 വരെയുള്ള പെൻഷൻ പൂർണ്ണമായും നൽകി കഴിഞ്ഞു. |

| | |
|---|---|
| (ഡി) കയർ ഉൽപന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സ്വീകരിക്കും. കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ വിൽപ്പന നടത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഷോറൂമുകളെ കയർ ഷോപ്പെകളാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന വിൽപനശാലകൾക്കും 1 ലക്ഷം രൂപ ഗ്രാന്റ് നൽകി വരുന്നു. കയർ സംഘങ്ങൾക്കും പൊതുമേഖല സ്ഥാപനങ്ങൾക്കും പ്രധാന നഗരങ്ങളിലെ വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുറഞ്ഞത് 1000 വിൽപ്പന ശാലകൾ ലക്ഷ്യമിടുന്നു.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 116** 26-06-2008-ൽ മറുപടിക്ക്

## വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ.കെ.കെ.ഷാജു:<br>" കെ.ബി.ഗണേഷ് കുമാർ: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
|---|---|
| എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയും എയ്ഡഡ്-ഗവൺമെന്റ് തലത്തിലുള്ള പൊതുവിദ്യാഭ്യാസ മേഖലയും ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെ നിലവാരം സംബന്ധിച്ച് അഫിലിയേഷൻ നൽകുന്ന സമയത്തും തുടർന്നും സർവകലാശാലകളുടെ പരിശോധകസംഘം പരിശോധിക്കാറുണ്ട്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയ്ക്കും മറ്റ് തരത്തിൽ ക്രമക്കേട് നടത്തുന്നതുമായ കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സർവകലാശാലകൾക്ക് അധികാരമുണ്ട്.<br><br>പൊതുവിദ്യാഭ്യാസ രംഗത്ത് അൺ എയ്ഡഡ് ഇംഗ്ലീഷ് വിദ്യാഭ്യാസ മേഖലയിലേക്ക് രക്ഷിതാക്കൾ കുട്ടികളെ കൂട്ടത്തോടെ അയയ്ക്കാൻ തുടങ്ങിയതോടെ പൊതുവിദ്യാഭ്യാസമേഖല അഭിമുഖീകരിച്ചിരുന്ന പ്രതിസന്ധി വിദ്യാഭ്യാസവകുപ്പ് ബോധപൂർവം നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി അദ്ധ്യാപകരുടെ മനോഭാവത്തിൽ അനുഗുണമായ മാറ്റം ഉണ്ടായിട്ടുണ്ട്. അൺ എയ്ഡഡ് മേഖലയെ സർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. 4-ാം ക്ലാസിന് മേൽ പ്രൈവറ്റ് സ്റ്റഡി അനുവദിക്കില്ല എന്ന് തീരുമാനിച്ചു. സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തി. SSLC റിസൽട്ട് കുറഞ്ഞ സ്കൂളുകളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം (QEPR) എന്ന പുതിയ പദ്ധതി നടപ്പിലാക്കി. |
| ബി) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നശിപ്പിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ പരിഷ്കാരങ്ങൾ തിരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നശിപ്പിക്കുന്നതരത്തിലുള്ള യാതൊരു വിദ്യാഭ്യാസ പരിഷ്കാരങ്ങളും വരുത്തിയിട്ടില്ല. മറിച്ച്, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതരത്തിലുള്ള പരിഷ്കാരങ്ങളും നടപടികളുമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:117 | 26/06/2008 ൽ മറുപടിയ്ക്ക്

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.അനിരുദ്ധൻ:<br>ശ്രീ.വി.എസ്.സുനിൽ കുമാർ:<br>ശ്രീ.എൻ.രാജൻ:<br>ശ്രീ.എ.കെ.ചന്ദ്രൻ:<br>ശ്രീ.ബാബു പോൾ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള മാർഗ്ഗരേഖ കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ; അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>❖ പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന കോർ കമ്മിറ്റിയും 14 ഫോക്കസ് ഗ്രൂപ്പുകളും രൂപീകരിച്ചു. ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ 14 മേഖലകളിലായി നിലപാടുരേഖകൾ (പൊസിഷൻ പേപ്പറുകൾ) തയ്യാറാക്കി.<br>❖ ഇതിന്റെ അടിസ്ഥാനത്തിൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 (കെ.സി.എഫ് 2007) (കരട്) തയ്യാറാക്കി<br>❖ കെ.സി.എഫ് 2007 (കരട്) നിർദ്ദേശങ്ങൾ സംക്ഷിപ്തമായി ഒരു ലഘുരേഖ രൂപത്തിൽ തയ്യാറാക്കി സ്കൂൾതലം വരെ ചർച്ചയ്ക്കായി നൽകി. എസ്.സി.ഇ.ആർ.ടി വെബ്പോർട്ടലിൽ ഈ രേഖ പ്രസിദ്ധീകരിച്ചു. |

⇨

| | |
|---|---|
| | ❖ തെരഞ്ഞെടുത്ത പ്രവർത്തകർക്ക് തിരുവനന്തപുരത്ത് ശിൽപ്പശാല നടത്തി.<br>❖ 14 ജില്ലകളിലും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ക്ലാസെടുക്കുന്നതിന് ഓരോ സ്ഥലത്തും 2 റിസോഴ്സ് പേഴ്സൺ എന്ന രീതിയിൽ അദ്ധ്യാപകരെ വിളിച്ചുചേർത്ത് പരിശീലനം നൽകി.<br>❖ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഏകദിനശിൽപശാലകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തി. ഇതിൽ ജനപ്രതിനിധികൾ, എല്ലാ വിദ്യാലയങ്ങളിലെയും പ്രഥമാധ്യാപകർ, പി.ടി.എ ഭാരവാഹികൾ, വിദ്യാർത്ഥികളുടെ പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ, വിദ്യാഭ്യാസ കർമസമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ശരാശരി 60 മുതൽ 100 വരെയായിരുന്നു ഈ ശിൽപശാലകളിലെ പങ്കാളിത്തം.<br>❖ വിവിധ തലങ്ങളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ, എസ്.സി.ഇ.ആർ.ടി വെബ്പോർട്ടലിലൂടെ ലഭിച്ച ആശയങ്ങൾ എന്നിവ ക്രോഡീകരിച്ച് കെ.എസി.എഫ് 2007-ന് അന്തിമരൂപം നൽകി.<br>❖ കെ.എസി.എഫ് 2007, എൻ.സി.എഫ് 2005 എന്നിവ അടിസ്ഥാനപ്പെടുത്തി 1 മുതൽ 12 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള ശിൽപ്പശാല നടത്തി. |

പാഠ്യപദ്ധതി രൂപകരണത്തിന് മാർഗ രേഖയായി ഉപയോഗിക്കുന്നതിന് നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് 2005 (എൻ.സി.എഫ് 2005) എന്ന രേഖ എൻ.സി.ഇ.ആർ.ടി യിൽ നിന്നും ലഭിച്ചിട്ടുണ്ട്. എൻ.സി.എഫ് 2005-ലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

- വിദ്യാഭ്യാസത്തിന് ഒരു ദേശീയ വ്യവസ്ഥ (National System of Education) കെട്ടിപ്പടുക്കുക.
- വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുക.
- ഇന്ത്യൻ ഭരണഘടനപ്രകാരമുള്ള മൂല്യങ്ങളും, സാമൂഹ്യനീതിയും, സമത്വവും, മതനിരപേക്ഷതയും ഉറപ്പാക്കുന്നതിനുള്ള പാഠ്യപദ്ധതി വിനിമയം നടപ്പാക്കുക.
- ഗുണപരമായ വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക.
- സാമൂഹ്യമായും, സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ളവർക്ക്-പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള-പരിഗണന കൊടുക്കുക.
- ചിന്താപ്രക്രിയകൾ വികസിപ്പിക്കുന്നതിനുള്ള പഠനം ഉറപ്പുവരുത്തുക-വിവിധ വിഷയങ്ങളിൽ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്ന പാഠപുസ്തകങ്ങൾ, അധ്യാപകസഹായികൾ, വർക്ക് ബുക്കുകൾ എന്നിവ ഉറപ്പുവരുത്തുക.
- മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ഉറപ്പാക്കുക.

| | |
|---|---|
| | ➢ പരിഹാരബോധനത്തിന് ക്ലാസ്സുമുറിയിൽ ഊന്നൽ നൽകുക.<br>➢ നിരന്തരവും സമഗ്രവുമായ മൂല്യനിർണയം നടപ്പാക്കണം. |
| (ബി) 'കേരള പാഠ്യപദ്ധതി ചട്ടക്കൂട്-2007' കരട് ചർച്ചകൾക്കുശേഷം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ പൂർണ്ണരൂപം വിശദമാക്കുമോ; ഈ പദ്ധതി എപ്പോൾ മുതൽ നടപ്പിലാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ? | (ബി) ചർച്ചകൾക്കു ശേഷം 25/02/2008-ൽ യോഗം ചേർന്ന 18-ാമത് കേരള സ്റ്റേറ്റ് കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) 2007 അംഗീകരിച്ചിട്ടുണ്ട്. കെ.സി.എഫ്-2007 ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ 2008-09 അധ്യയന വർഷം മുതൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിലേക്കുള്ള പകർപ്പിനോടൊപ്പം
സൂക്ഷിച്ചിട്ടുണ്ട്

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 118** | **26.6.2008 ൽ മറുപടിക്ക്.**

**ദേശീയ ചലച്ചിത്ര അവാർഡ് നിർണ്ണയത്തിൽ മലയാള സിനിമ കൈവരിച്ച നേട്ടങ്ങൾ**

**ചോദ്യം**

**ശ്രീ. പി.ടി.എ. റഹിം**
**ശ്രീ. ടി.പി. കുഞ്ഞുണ്ണി**
**ശ്രീമതി കെ.എസ്. സലീഖ**
**ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്**

(എ) ഈ വർഷത്തെ ദേശീയ ചലച്ചിത്ര അവാർഡ് നിർണ്ണയത്തിൽ മലയാള സിനിമ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ.എം.എ.ബേബി**
**വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി.**

(എ)

1. മികച്ച ചിത്രം - പുലിജന്മം
സംവിധായകൻ - പ്രിയനന്ദൻ
നിർമ്മാതാവ് - എം.ജി.വിജയ്
2. നവാഗത സംവിധായകൻ
മധുകൈതപ്രം - ചിത്രം ഏകാന്തം
ആന്റണി ജോസഫ് - നിർമ്മാതാവ്
3. മികച്ച കുടുംബചിത്രം - കറുത്ത പക്ഷികൾ
സംവിധായകൻ - കമൽ
നിർമ്മാതാവ് - കെ.വി. കലാധരൻ, കെ.ജി. വല്ലഭൻ
4. മികച്ച അഭിനയത്തിനുള്ള പ്രത്യേക പരാമർശം
തിലകൻ - സിനിമ ഏകാന്തം
5. മികച്ച മലയാള ചിത്രം - ദൃഷ്ടാന്തം
സംവിധാനം - നിർമ്മാണം - എം.പി. സുകുമാരൻ നായർ
6. മികച്ച നൃത്ത സംവിധാനം
മധു സമുദ്ര - രാജീവ് സമുദ്ര - ചിത്രം നാൽപ്പെണ്ണുങ്ങൾ
7. നോൺ ഫീച്ചർ വിഭാഗം
നവാഗത സംവിധായകൻ - ജേക്കബ് വർഗ്ഗീസ് ചിത്രം അന്ത്യം
നിർമ്മാണം - എം. ദിനേശ് കുമാർ
8. മികച്ച ജീവചരിത്ര ചിത്രം - തിരുനക്കര
സംവിധായകൻ - എം.ആർ. രാജൻ
നിർമ്മാതാവ് - ദേവദാസൻ കീഴ്പ്പാട്, ബീന നാരായണൻ

9. മികച്ച വിവരണം  നെടുമുടി വേണു ചിത്രം മിന്നുക്ക്
10. മികച്ച ചലച്ചിത്ര നിരൂപകൻ - ജി.പി. രാമചന്ദ്രൻ

**(ബി)** സിനിമാ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ നൽകുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും എന്തെല്ലാമാണ്;

**(ബി)** സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കേരളത്തിൽ നിർമ്മിക്കുന്ന മുഴുനീള കഥാചിത്രത്തിന് 4 ലക്ഷം രൂപയും, കുട്ടികളുടെ ചലചിത്രത്തിന് 3 ലക്ഷം രൂപയും സബ്സിഡി നല്കുന്നു. ഈ വിഭാഗത്തിൽ നിർമ്മിക്കപ്പെടുന്ന ചിത്രങ്ങൾ സംസ്ഥാന/ദേശീയ/അന്തർദ്ദേശീയ തലത്തിൽ മികച്ച ചിത്രത്തിനുള്ള അവാർഡ് കരസ്ഥമാക്കിയാൽ രണ്ട് ലക്ഷം രൂപ കൂടി അധിക സബ്സിഡിയായി ലഭിക്കുന്നതാണ്. സംസ്ഥാന തലത്തിൽ മികച്ച ഡോക്യുമെന്ററി അവാർഡ് ലഭിക്കുന്ന ചിത്രത്തിന് ഒരു ലക്ഷം രൂപയും ദേശീയ/അന്തർ ദേശീയ തലത്തിൽ മികച്ച ഡോക്യുമെന്ററിയായി തെരഞ്ഞെടുക്കപ്പെടുന്ന ചിത്രത്തിന് 2 ലക്ഷം രൂപയും സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ കുറഞ്ഞ വാടക നിരക്കിലുള്ള വിവിധ പാക്കേജ് പദ്ധതികൾ ചിത്രഞ്ജലി സ്റ്റുഡിയോയിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ബാങ്ക് ഗ്യാരന്റിയുടെയും വിവിധ നെഗറ്റീവ് അവകാശങ്ങളുടേയും അടിസ്ഥാനത്തിൽ പിക്ച്ചർ നെഗറ്റീവ്, പിക്ചർ പോസിറ്റീവ് എന്നിവയും ഹ്രസ്വകാല ക്രെഡിറ്റ് വ്യവസ്ഥയിൽ ചിത്രാഞ്ജലിയിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്.

**(സി)** ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ആധുനികവത്ക്കരണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

**(സി)** ലാബോറട്ടറിയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കളർ ഫിലിം അനലൈസർ സ്ഥാപിച്ചു. ഫിലിം പ്രിൻറിംഗ് മെഷീനിൽ ഇലക്ട്രോണിക് ലൈറ്റ് വാൽവുകളും അനുബന്ധ നിയന്ത്രണ സർക്യൂട്ടുകളും സ്ഥാപിച്ചു റിക്കാർഡിംഗ് തിയേറ്ററിൽ DTS ശബ്ദ മിശ്രണത്തിനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു. ഔട്ട്ഡോർ വിഭാഗത്തിലെ ജനറേറ്റർ വാനുകൾ എല്ലാം സൗണ്ട് പ്രൂഫ് ചെയ്തു. ആധുനികമായ ലൈറ്റുകൾ, ട്രോളി, ട്രാക്ക് എന്നിവ വാങ്ങി.

ചിത്രാജ്ഞലി സ്റ്റുഡിയോയുടെ വിസ്തൃതമായ വളപ്പ് പൂമരങ്ങൾ, തണൽമരങ്ങൾ, ഫലവൃക്ഷങ്ങൾ, വനവൃക്ഷങ്ങൾ എന്നിവ നട്ട് മനോഹരമാക്കി.

| | | | |
|---|---|---|---|
| | | | ഷൂട്ടിംഗ് ആവശ്യങ്ങൾക്കായി വിവിധതരം സെറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായുള്ള വില്ലേജ് ഹൗസ്, ടെലിസ്കോപ്പ് ടവർ എന്നിവ നിർമ്മിച്ചുകഴിഞ്ഞു. തൂക്കുപാലം അടക്കമുള്ള മറ്റ് സെറ്റുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങികഴിഞ്ഞു.<br><br>ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ഭാഗമായ കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയിൽ പുതിയ DSR 400 ക്യാമറ വാങ്ങി. |
| (ഡി) | ചലച്ചിത്രാസ്വാദനവുമായി ബന്ധപ്പെട്ട് ഉന്നത നിലവാരമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിനും ചർച്ചകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾതന്നെ സംവിധാനങ്ങൾ ഉണ്ട്. |
| (ഇ) | ഉന്നത നിലവാരം പുലർത്തുന്ന സിനിമകൾ പ്രദർശിപ്പിക്കുന്നതിന് തിയേറ്ററുകൾ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഈ ആവശ്യത്തിന് കെ.എസ്.എഫ്.ഡി.സി തിയേറ്ററുകൾ റഗുലർ പ്രദർശനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത [illegible]ടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ T 119** 26-06-2008-ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ സംവരണം

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>" അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി |
|---|---|
| എ) കേന്ദ്രസർക്കാരിനു കീഴിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതരപിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ ഇരുപത്തിയേഴ് ശതമാനം സംവരണത്തിന് കേരളത്തിൽനിന്ന് ഏതൊക്കെ വിഭാഗങ്ങൾ അർഹരാകും; | എ) കേന്ദ്രസർക്കാരിനു കീഴിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതരപിന്നോക്ക വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ ഇരുപത്തിയേഴ് ശതമാനം സംവരണം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് യാതൊരുവിധ ഉത്തരവുകളോ അറിയിപ്പുകളോ ഉന്നതവിദ്യാഭ്യാസ വകുപ്പിലോ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിലോ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ല. അതിനാൽ ഈ വിഷയം സംസ്ഥാനസർക്കാർ പരിശോധിച്ചിട്ടില്ല. |
| ബി) ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടപ്പാക്കുന്നത്; | ബി)യും സി) യും ഡി) യും ചോദ്യം ഉദിക്കുന്നില്ല. |
| സി) ഈ അദ്ധ്യയനവർഷം സംവരണം നടപ്പാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | |
| ഡി) ഭാവിയിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 120 — 26/06/2008-ൽ മറുപടിയ്ക്ക്

## എൻ.സി.ഇ.ആർ.ടി. സർവ്വേ

**ചോദ്യം**

ശ്രീ.എം.എ.വാഹിദ്:
ശ്രീ.കെ.ബാബു:
ശ്രീ.കെ.സി.വേണുഗോപാൽ:

എ) ഈ വർഷത്തെ എസ്.എസ്.എൽ.സി.പരീക്ഷയിലെ ചരിത്രവിജയം ഈ ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കിയ കാര്യക്ഷമതാ വർഷമെന്ന നയത്തിന്റെയും വിദ്യാഭ്യാസത്തിലെ ഗുണനിലവാര വർദ്ധനവിന്റെയും ഫലമായിരുന്നോ എന്ന് വിശദീകരിക്കുമോ;

**ഉത്തരം**

ശ്രീ.എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)

എ) 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന ലക്ഷ്യവുമായാണ് വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ രണ്ടു വർഷങ്ങളായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നത്. ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിലെ ചരിത്ര വിജയം താഴെ പറയുന്ന പ്രവർത്തനങ്ങളുടെ ഫലമായിരുന്നു.

- കാര്യക്ഷമതാ വർഷത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം വിദ്യാഭ്യാസ വകുപ്പും ത്രിതല പഞ്ചായത്തും ഒറ്റയ്ക്കും കൂട്ടായും ചെയ്ത പ്രവർത്തനങ്ങൾ.
- സ്കൂളുകളിൽ ഡി പ്ലസ് ഗ്രേഡ് ഉണ്ടാകാതിരിക്കാനും അവർ അതിനുമുകളിലുള്ള ഗ്രേഡ് നേടും വിധം പഠനം ഗുണമേന്മയുള്ളതാക്കാനുമുള്ള പ്രത്യേക ശ്രമങ്ങൾ
- സംസ്ഥാനത്ത് എസ്.എസ്.എൽ.സി പരീക്ഷാഫലത്തിൽ ഏറ്റവും പുറകിൽ നിന്നിരുന്ന സ്കൂളുകളിൽ 2006-2007 ൽ ജനകീയമായി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി കഴിഞ്ഞ വർഷം നടത്തിയ പ്രത്യേക ശ്രമങ്ങൾ

- പി.ടി.എ., ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ മാരുൾപ്പെടെയുള്ള ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം, ലഘുഭക്ഷണവും മറ്റും കൊടുത്ത് നടത്തിയ സായാഹ്ന ക്ലാസ്സുകൾ.
- അദ്ധ്യാപകരുടെ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ട് ഹെഡ് മാസ്റ്ററും പി.ടി.എയും നടത്തിയ അനന്യമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
- എല്ലാ മാസവും സംസ്ഥാന-ജില്ലാ-സബ്ജില്ലാതലങ്ങളിൽ നടത്തിയ ചിട്ടയായ അവലോകന-ആസൂത്രണ യോഗങ്ങൾ.
- വേണ്ടത്ര ഗൃഹപാഠം ചെയ്തു ആസൂത്രണം ചെയ്ത അദ്ധ്യാപകർക്ക് സ്കൂൾ തുറക്കുംമുമ്പുള്ള പരിശീലനവുംതുടർന്നു നടന്ന ക്ലസ്റ്റർ പരിശീലനങ്ങളും.

| | | | |
|---|---|---|---|
| ബി) | നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് അന്റ് ട്രെയിനിംഗ് 2007-ൽ എല്ലാ സംസ്ഥാനങ്ങളിലെയും വിദ്യാഭ്യാസ നിലയെപ്പറ്റി ഒരു സർവ്വേ നടത്തി വിവരം പ്രസിദ്ധീകരിച്ചിരുന്നോ; | ബി) | എൻ.സി.ഇ.ആർ.ടി 2007 ൽ 5-ാം ക്ലാസിലെ പഠനനിലവാരവുമായി ബന്ധപ്പെടുത്തി ഒരു National Mid-term Achievement Survey നടത്തിയിരുന്നു(MAS). ഇതിന്റെ വിവരം എൻ.സി.ഇ.ആർ.ടി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| സി) | ഇതിൽ കേരളത്തിന്റെ സ്ഥാനം എത്രാമത്തേതായിരുന്നു; | സി) | Mid-term Achievement Survey (MAS) പ്രകാരം സംസ്ഥാനങ്ങളെ പൊതുവായി റാങ്ക് ചെയ്തതിൽ കേരളത്തിന്റെ സ്ഥാനം 16-ാമത് ആണ്. |

| | | | |
|---|---|---|---|
| ഡി) | സർവ്വെ പ്രകാരം ഇംഗ്ലിഷ്, കണക്ക്, സയൻസ്, സോഷ്യൽ സ്റ്റഡീസ്, മാതൃഭാഷ എന്നീ ഓരോ വിഷയങ്ങളിലും കേരളത്തിന്റെ സ്ഥാനം എത്രാമത്തേതായിരുന്നുവെന്ന് വ്യക്തമാക്കുമോ; | ഡി) | അഞ്ചാം ക്ലാസിലെ പരിസര പഠനം, ഗണിതം, ഭാഷ എന്നീ മൂന്ന് വിഷയങ്ങളിലാണ് പഠനം നടത്തിയത്. വിഷയബന്ധിത മായ മികവുകളെ 4 വിഭാഗങ്ങളായാണ് രേഖയിൽ പരാമർശിച്ചിട്ടുള്ളത് |

| വിഭാഗം | ശതമാനം |
|---|---|
| 1 | 60%-70% |
| 2 | 50%-60% |
| 3 | 40%-50% |
| 4 | 40% ത്തിൽ താഴെ |

ഭാഷയിൽ കേരളം 60-70 ശതമാനം വിഭാഗത്തിലാണ്. പരിസരപഠനത്തിലും (സാമൂഹ്യശാസ്ത്രവും സയൻസും) ഗണിതത്തിലും കേരളം 40-50 ശതമാനം വിഭാഗത്തിലാണ്.

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത സർവ്വെയിൽ കേരളത്തിന് വളരെ താഴത്തെ സ്ഥാനമായതിന്റെ കാരണം വ്യക്തമാക്കുമോ; | ഇ) | ഓരോ വിഷയവുമായി ബന്ധപ്പെട്ട പഠനത്തിന്റെ നിലവാരം കണക്കാക്കിയത് ദേശീയ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൊതു ചോദ്യപേപ്പറിന്റെ അടിസ്ഥാനത്തിലാണ്. വളരെ ചെറിയ സാമ്പിൾ ഉപയോഗിച്ചാണ് പഠനം നടത്തിയത്.(8 ജില്ല 235 സ്കൂളുകൾ, 699 അധ്യാപകർ, 3417 വിദ്യാർത്ഥികൾ) മാത്രമല്ല, പ്രക്രിയാബന്ധിത സമീപനത്തിന് വഴങ്ങുന്ന രീതിയിലുള്ള ചോദ്യം ആയിരുന്നില്ല സർവെയ്ക്ക് വേണ്ടി നൽകിയിരുന്നത്. കൂടാതെ ഇത്തരത്തിലുള്ള ചോദ്യങ്ങൾ ഒരു സ്കൂളിലും പരീക്ഷയ്ക്ക് ഇപ്പോൾ ഉപയോഗിക്കാറുമില്ല. അതിനാൽ വിദ്യാർത്ഥികൾക്ക് അത്തരം ചോദ്യങ്ങൾ പരിചിതമല്ല. വ്യത്യസ്തമായുള്ള ഈ ചോദ്യരീതിയായിരിക്കാം ഒരു |

പക്ഷേ കേരളത്തിന്റെ സ്ഥാനം സർവേയിൽ താഴെയായതിന് കാരണം. മാത്രവുമല്ല കേവലം അക്കാദമിക താൽപര്യത്തിന് വേണ്ടി നടത്തുന്ന പഠനങ്ങളിലെ നിഗമനങ്ങളനുസരിച്ചു മാത്രം ഒരുപ്രത്യേക പ്രദേശത്തിന്റെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്നത് ശാസ്ത്രീയമാവില്ല.

എഫ്) സർവ്വെയിൽ സംസ്ഥാനത്തിന് താഴ്ന്ന സ്ഥാനം നൽകിയിരിക്കുന്നത് വസ്തുതാപരമായി തെറ്റാണെന്ന് എൻ.സി.ഇ.ആർ.ടി യെ ബോദ്ധ്യപ്പെടുത്തുമോ അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

എഫ്) പഠന നിലവാരവുമായി ബന്ധപ്പെടുത്തി ഒരു സർവേ ഏതൊരു സംസ്ഥാനത്തിലും നടത്തുമ്പോൾ കേവലം വിഷയബന്ധിതമായ ഒരു ചോദ്യപേപ്പർ മാത്രം ഉപയോഗിച്ച് വിലയിരുത്തിയാൽ പോരാ. അതത് സംസ്ഥാനത്തിലെ പഠന സാഹചര്യങ്ങൾ, എൻറോൾമെന്റ്, കൊഴിഞ്ഞുപോക്ക്, ക്ലാസ്സുകയറ്റ രീതി, അധ്യാപകരുടെ ലഭ്യത, സ്കൂളുകളുടെ ഭൗതിക സാഹചര്യം മുതലായവയൊക്കെ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ബഹുഭൂരിപക്ഷം കുട്ടികളും പഠിക്കാനായെത്തുന്ന കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്റെ സാഹചര്യത്തെ തന്നെ വിദ്യാഭ്യാസ നേട്ടമായി പരിഗണിക്കേണ്ടതാണ്. കുട്ടികൾക്ക് എന്തറിയില്ല എന്ന് വിലയിരുത്താൻ വേണ്ടി തയ്യാറാക്കുന്ന വിലയിരുത്തൽ ഉപാധികൾക്കു പകരം കുട്ടികൾക്ക് എന്തറിയാം എന്ന് പരിശോധിക്കുന്ന വിവിധ മൂല്യനിർണ്ണയ ഉപാധികളാണ് നാം പ്രയോജനപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ഈ രണ്ടുപാധികൾ ഉപയോഗിച്ച് വിലയിരുത്തുമ്പോൾ വ്യത്യസ്തങ്ങളായ ഫലം ലഭിക്കുക സ്വാഭാവികമാണ്. ഇക്കാര്യം എം.എച്ച്.ആർ.ഡി നടത്തുന്ന വിലയിരുത്തൽ

സമ്മേളനങ്ങളിൽ
അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ
ഭാവിയിൽ സർവേ
നടത്തുമ്പോൾ മുകളിൽ
പരിഗണിച്ച ഘടകങ്ങൾ കൂടി
ഉൾപ്പെടുത്തി സർവേ
നടത്തുന്നതിന്
എൻ.സി.ഇ.ആർ.ടിയെ
അറിയിക്കുന്നതിന് നടപടി
സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ